18
2024
ജൂലൈ
വ്യാഴം
കർക്കിടകം 3

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.222 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-222 | പേജ് 4. വില 2.00 രൂപ




02 സ്റ്റുഡിയോയുടെ മറവിൽ കള്ളനോട്ടടി; ഉപയോഗിച്ചത് 50 രൂപയുടെ മുദ്രപത്രം

03 കടം വാങ്ങിയ പണത്തിനു പകരം പെൺകുട്ടിയെ 35,000 രൂപയ്ക്കു വിറ്റു

04 സ്റ്റേഷനിൽ ആത്മഹത്യാശ്രമം നടത്തിയ യുവാവ് മോഷ്ടാക്കളെ സഹായിച്ച കേസിൽ അറസ്റ്റിൽ

# മഴക്കെടുതി: രണ്ടുദിവസം കൊണ്ട് നഷ്ടപ്പെട്ടത് 11 ജീവൻ



തിരുവനന്തപുരം: സംസ്ഥാനത്ത് കനത്ത മഴയെത്തുടർന്നുള്ള കെടുതികളിൽ ഇന്ന് മരിച്ചത് മൂന്നു പേർ. ഇതോടെ രണ്ടു ദിവസങ്ങളിലായി മഴയിൽ പൊലിഞ്ഞത് 11 പേർ. തിരുവനന്തപുരത്ത് വള്ളം മറിഞ്ഞ് മത്സ്യത്തൊഴിലാളി മരിച്ചു. ഇടുക്കി മാങ്കുളം താളുംകണ്ടത്ത് യുവാവ് പുഴയിൽ വീണ് മരിച്ചു. ആലപ്പുഴയിൽ മരം വീണ് ചികിത്സയിലായിരുന്നയാൾ മരിച്ചു.

തിരുവനന്തപുരത്ത് ഇന്ന് രാവിലെയാണ് മര്യനാട് വള്ളം മറിഞ്ഞ് മത്സ്യത്തൊഴിലാളി മരിച്ചത്. മര്യനാട് അർത്തിയിൽ പുരയിടത്തിൽ അലോഷ്യസ്(45) ആണ് മരിച്ചത്. ഇന്ന് രാവിലെ ആറിന് അലോഷ്യസ് ഉൾപ്പടെ നാല് പേരാണ് വള്ളത്തിൽ മത്സ്യബന്ധനത്തിനായി കടലിലേക്ക് പുറപ്പെട്ടത്.

എന്നാൽ അൽപ്പദൂരം എത്തിയപ്പോഴേക്കും ശക്തമായ തിരയിൽ വള്ളം മറിയുകയായിരുന്നു. ഒപ്പമുണ്ടായിരുന്നവർ നീന്തി രക്ഷപ്പെട്ടു. അവശനായ അലോഷ്യസിനെ മെഡിക്കൽ കോളജിലെത്തിച്ചെങ്കിലും ജീവൻ രക്ഷപ്പെടുത്താൻ കഴിഞ്ഞില്ല. രാവിലെ ഏഴു മണിയോടെ മരണം സംഭവിക്കുകയായിരുന്നു.

അടിമാലി മാങ്കുളം താളുംകണ്ടത്ത് പുഴയിൽ വീണ് യുവാവ് മരിച്ചു. സനീഷ് (23) ആണ് മരിച്ചത്. ഇന്നലെ രാത്രി ഒരു മണിയോടെയായിരുന്നു സംഭവം. കനത്ത മഴയിൽ പുഴ കരകവിഞ്ഞ് ഒഴുകുകയായിരുന്നു. പുഴയുടെ അതിര് കാണാതെ കാൽവഴുതി വീണതെന്നാണ് പ്രാഥമിക വിവരം.

പറമ്പിൽനിന്നു ശബ്ദം കേട്ടതിനെത്തുടർന്ന് എന്താണെന്ന് നോക്കാൻ വീട്ടിൽനിന്നു പുറത്തിറങ്ങിയതായിരുന്നു സനീഷ്. ഏറെ നേരം കഴിഞ്ഞിട്ടും കാണാതായതിനെത്തുടർന്ന് ബന്ധുക്കൾ നടത്തിയ തെരച്ചിലിനിടെയാണ് മൃതദേഹം കണ്ടെത്തിയത്. തലയ്ക്ക് പരിക്കേറ്റിരുന്നു. മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി അടിമാലി താലൂക്ക് ആശുപത്രിയിലേക്കു മാറ്റി.

ആലപ്പുഴ മട്ടാഞ്ചേരിയിൽ ബൈക്കിനുമേൽ മരം വീണ് പരിക്കേറ്റ് ചികിത്സയിലായിരുന്ന ആറാട്ടുവഴി സിയാദ് മനസിലിൽ ഉനൈസ്(30) മരിച്ചു. വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് മരണം. കഴിഞ്ഞ ദിവസമുണ്ടായ ശക്തമായ കാറ്റിൽ മരം വീണ് ഉനൈസിനും ഭാര്യ അനീഷയ്ക്കും പരിക്കേറ്റിരുന്നു. ശക്തമായ മഴയിലും കാറ്റിലും ആലപ്പുഴ നഗരത്തിൽ മരങ്ങൾ വീണ് കനത്ത നാശനഷ്ടമാണ് ഉണ്ടാകുന്നത്.

ചൊവ്വാഴ്ച മഴക്കെടുതിയിൽ സംസ്ഥാനത്ത് വിവിധ ജില്ലകളിലായി എട്ട് മരണങ്ങൾ ഉണ്ടായിരുന്നു. പാലക്കാട് വടക്കഞ്ചേരിയിൽ വീടിന്റെ ചുമരിടിഞ്ഞു വീണു കണ്ണമ്പ്ര കൊട്ടേക്കാട് കൊടക്കുന്ന് സുലോചന (54), മകൻ രഞ്ജിത് (31) എന്നിവർ മരിച്ചു. മാറാക്കര യുപി സ്കൂളിനു സമീപത്തെ പഞ്ചായത്ത് കുളത്തിൽ കുളിക്കാനിറങ്ങിയ മേൽമുറി മുക്കിലപ്പീടിക സ്വദേശി ബൈജു (33) മുങ്ങി മരിച്ചു.

കാസർഗോഡ് മധൂരിൽ ഷോക്കേറ്റ് കുദ്രപ്പാടി ഗോപാലഗെട്ടിയുടെ ഭാര്യ ഹേമാവതി (50), പുല്ലു ചെത്താൻ പോയപ്പോൾ ഷോക്കേറ്റു പത്തനംതിട്ട തിരുവല്ല മേപ്രാൽ തട്ടുതറയിൽ വീട്ടിൽ റെജി (48), കാറ്റിൽ ആൽമരം കടപുഴകി കാറിന് മുകളിലേക്കു വീണ് വിതുര ആനപ്പെട്ടി സ്വദേശിനി മോളി (42), വെള്ളക്കെട്ടിൽ വീണ് കണ്ണൂർ പാനൂർ ഒളവിലം മേക്കരവീട്ടിൽ താഴെക്കുനി കെ.ചന്ദ്രശേഖരൻ (62) എന്നിവരും മരിച്ചു.

മലപ്പുറം മേലാറ്റൂരിൽ ശനിയാഴ്ച ഒഴുക്കിൽപ്പെട്ടു കാണാതായ പാലക്കാട് അലനല്ലൂർ മരുതംപാറ പടുവിൽകുന്നിലെ പുളിക്കൽ യൂസുഫിന്റെ (55) മൃതദേഹം ചൊവ്വാഴ്ച കണ്ടെത്തി. സംസ്ഥാനത്താകെ 14 ക്യാന്പുകളിലായി 224 പേരെ മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്.

## വള്ളം മറിഞ്ഞ് മത്സ്യത്തൊഴിലാളി മരിച്ചു



കഴക്കൂട്ടം: തിരുവനന്തപുരം മര്യനാട് വള്ളം മറിഞ്ഞ് മത്സ്യതൊഴിലാളി മരിച്ചു.

മര്യനാട് അർത്തിയിൽ പുരയിടത്തിൽ അലോഷ്യസ് (45) ആണ് മരിച്ചത്. ഇന്നലെ രാവിലെ 6 മണിക്ക് ആറു പേരടങ്ങുന്ന സംഘമാണ് മത്സ്യബന്ധനത്തിനായി പുറപ്പെട്ടത്.കരയിൽ നിന്നും അധികം ദൂരത്തിലല്ലാതെ ശക്തമായ തിരയിൽപ്പെട്ട് വള്ളം മറിയുകയായിരുന്നു. ഒപ്പമുണ്ടായിരുന്നവർ നീന്തിക്കയറിയെങ്കിലും അവശനായ അലോഷ്യസിനെ മറ്റുള്ളവർ രക്ഷപ്പെടുത്തി മെഡിക്കൽ കോളേജിലെത്തിച്ചെങ്കിലും ഏഴു മണിയോടെ മരിച്ചു.രാജു, ബിജു, ജോർജ്, അൽബി, പ്ലാസ്റ്റ് തുടങ്ങിയ 6 പേരാണ് വള്ളത്തിലുണ്ടായിരുന്നത്. മര്യനാട് സ്വദേശി പ്ലാസ്റ്റിന്റെ വള്ളമാണ് അപകടത്തിൽ പ്പെട്ടത്.കഠിനംകുളം പോലീസ് മേൽ നടപടികൾ സ്വീകരിച്ചു.

## ഒമാൻ തീരത്ത് കപ്പൽ മറിഞ്ഞ് കാണാതായവരിൽ 9 പേരെ രക്ഷപ്പെടുത്തി ഒരാൾ മരണപ്പെട്ടു

മസ്കറ്റ്: ഒമാൻ തീരത്ത് മറിഞ്ഞ എണ്ണക്കപ്പലിൽനിന്ന് കാണാതായവരിൽ 9 പേരെ രക്ഷപ്പെടുത്തി. ഒരാൾ മരണപ്പെട്ടു. എട്ട് ഇന്ത്യക്കാരേയും ഒരു ശ്രീലങ്കൻ പൗരനേയുമാണ് രക്ഷപ്പെടുത്തിയയത്. കാണാതായ മറ്റുള്ളവർക്കുവേണ്ടി തിരച്ചിൽ തുടരുകയാണ്. ഐ.എൻ.എസ്. തേജ് നടത്തിയ തിരച്ചിലിലാണ് ഇവരെ രക്ഷിച്ചതെന്ന് ഒമാനിലെ ഇന്ത്യൻ എംബസി അറിയിച്ചു.

13 ഇന്ത്യക്കാരും മൂന്ന് ശ്രീലങ്കൻ പൗരന്മാരും അടക്കം 16 ജീവനക്കാരാണ് കപ്പലിൽ ഉണ്ടായിരുന്നത്. ഒമാനിലെ ദുക്കത്തിനുസമീപം റാസ് മദ്രാക്ക പ്രദേശത്തിന് തെക്കുകിഴക്ക് 25 നോട്ടിക്കൽ മൈൽ (28.7 മൈൽ) അകലെ തിങ്കളാഴ്ചയാണ് എണ്ണക്കപ്പൽ മറിഞ്ഞത്. കൊമോറോസ് പതാകവെച്ച പ്രെസ്റ്റീജ് ഫാൽക്കൺ കപ്പലാണ് അപകടത്തിൽപ്പെട്ടത്.

യമനിലെ ഏദനിലേക്കുള്ള യാത്രയ്ക്കിടെയാണ് കപ്പൽ മറിഞ്ഞത്. തിരച്ചിലിന് ഇന്ത്യൻ നാവികസേനയും രംഗത്തിറങ്ങിയിരുന്നു. ഐ.എൻ.എസ്. തേജ്, ദീർഘദൂര നിരീക്ഷണ വിമാനം പി 81 എന്നിവയാണ് തിരച്ചിലിന് വിന്യസിച്ചത്.

## മഹാരാഷ്ട്രയിൽ 12 മാവോയിസ്റ്റുകളെ വധിച്ചു; 6 മണിക്കൂർ നീണ്ട ഏറ്റുമുട്ടൽ

മുംബൈ : മഹാരാഷ്ട്രയിൽ ഏറ്റുമുട്ടലിൽ 12 മാവോയിസ്റ്റുകളെ വധിച്ച് സുരക്ഷാസേന. ഗഡ്ചിരോളി ജില്ലയിൽ 6 മണിക്കൂർ നീണ്ട ഓപ്പറേഷനിലാണു മാവോയിസ്റ്റുകളെ വധിച്ചത്. കൊല്ലപ്പെട്ടവരിൽനിന്നു നിരവധി ആയുധങ്ങൾ കണ്ടെടുത്തതായി പൊലീസ് പറഞ്ഞു.

ഛത്തീസ്ഗഡ് അതിർത്തിയോടു ചേർന്ന വന്ദോലി ഗ്രാമത്തിനു സമീപം 15 മാവോയിസ്റ്റുകൾ ക്യാംപ് ചെയ്യുന്നുണ്ടെന്ന് വിവരം ലഭിച്ചിരുന്നു. തുടർന്ന് രാവിലെ പത്തോടെയാണു ഗഡ്ചിരോളിയിൽ മഹാരാഷ്ട്ര പൊലീസ് തിരച്ചിൽ ആരംഭിച്ചത്. ഡപ്യൂട്ടി എസ്പിയുടെ നേതൃത്വത്തിൽ കാടിനുള്ളിലായിരുന്നു ഓപ്പറേഷൻ. ഉച്ചകഴിഞ്ഞാണു മാവോയിസ്റ്റുകളുമായി വെടിവയ്പ് ആരംഭിച്ചത്. പരസ്പരമുള്ള വെടിവയ്പ് 6 മണിക്കൂറിലധികം നീണ്ടു.

മാവോയിസ്റ്റുകളുടെ ആക്രമണത്തിൽ എസ്ഐക്കും ജവാനും പരുക്കേറ്റെങ്കിലും ഗുരുതരമല്ലെന്നാണു വിവരം. ഇവരെ തുടർ ചികിത്സയ്ക്കായി നാഗ്പുരിലേക്ക് മാറ്റി. 12 മാവോയിസ്റ്റുകളുടെ മൃതദേഹം കണ്ടെടുത്തു. 3 എകെ 47, 2 ഇൻസാസ്, 1 കാർബൈൻ, ഒരു എസ്എൽആർ എന്നിവയുൾപ്പെടെയുള്ള ആയുധങ്ങളും പിടികൂടി. മാവോയിസ്റ്റ് ദളത്തിന്റെ ചുമതലയുള്ള വിശാൽ അത്രവും കൊല്ലപ്പെട്ടെന്നാണു വിവരം. മറ്റു 11 പേരെ തിരിച്ചറിഞ്ഞിട്ടില്ലെന്നും പ്രദേശത്തു തിരച്ചിൽ തുടരുകയാണെന്നും പൊലീസ് വ്യക്തമാക്കി.



## രണ്ടാ മത്തെ അതിഥിയും തീരം വിട്ടു

### മാറിൻ അസൂറിൽ നിന്ന് വിഴിഞ്ഞത്ത് ഇറക്കിയത് 338 കണ്ടെയ്നറുകൾ

തിരുവനന്തപുരം : വിഴിഞ്ഞം രാജ്യാന്തര തുറമുഖത്ത് കഴിഞ്ഞ ദിവസം എത്തിയ രണ്ടാമത്തെ കണ്ടെയ്നർ കപ്പലായ മാറിൻ അസൂർ തീരം വിട്ടു. മാറിൻ അസൂറിൽ നിന്നു 338 കണ്ടെയ്നറുകളാണ് വിഴിഞ്ഞത്ത് ഇറക്കിയത്. 798 എണ്ണം തിരികെ കയറ്റുന്ന ജോലിയും പൂർത്തിയായി. ഇതോടെയാണ് കപ്പലിന്റെ മടക്കം. മുംബൈ തുറമുഖത്തേക്കാണ് കപ്പൽ പോയത്. 21, അല്ലെങ്കിൽ അതിനു മുൻപോ അടുത്ത കപ്പൽ തുറമുഖത്ത് എത്തും.

അതേസമയം കണ്ടെയ്നർ ഓപ്പറേഷൻ പൂർത്തിയാകാത്തതിനാലാണ് മാറിൻ അസൂറിന്റെ മടക്ക യാത്ര ഇന്നത്തേക്ക് മാറ്റിയതെന്നു തുറമുഖം അധികൃതർ പറഞ്ഞു. സീ സ്പാൻ സാന്റോസ് എന്ന ചെറു കണ്ടെയ്നർ കപ്പലാകും അടുത്തതായി വിഴിഞ്ഞത്ത് എത്തുകയെന്നാണു സൂചന. 260 മീറ്റർ നീളവും 32 മീറ്റർ വീതിയുമുള്ള ഈ കപ്പൽ നിലവിൽ ചെന്നൈക്കടുത്ത് എന്നൂർ തുറമുഖത്തിനു സമീപമാണെന്നാണു വിവരം. രണ്ടാഴ്ചയ്ക്കുള്ളിൽ ലോകത്തെ വലുപ്പമേറിയ കണ്ടെയ്നർ കപ്പലുകളിലൊന്നും വിഴിഞ്ഞത്ത് എത്തിയേക്കും.

## കശ്മീർ ഭീകരാക്രമണം: കേന്ദ്രത്തിനെതിരെ രാഹുൽ ഗാന്ധി

ന്യൂഡൽഹി: ജമ്മു കാശ്മീരിലെ ദോഡ ജില്ലയിൽ ഭീകരരുമായുണ്ടായ ഏറ്റുമുട്ടലിൽ നാല് ജവാന്മാർ വീരമൃത്യു വരിച്ചതിന് പിന്നാലെ കേന്ദ്രത്തിനെതിരേ രൂക്ഷ വിമർശനവുമായി പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. ബിജെപിയുടെ തെറ്റായ നയങ്ങളുടെ ഭാരം പേറുന്നത് രാജ്യത്തെ സൈനികരും അവരുടെ കുടുംബങ്ങളുമാണെന്ന് രാഹുൽ വിമർശിച്ചു.

ഒന്നിനു പിന്നാലെ മറ്റൊന്നായി ഭീതിപ്പെടുത്തുന്ന സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത് വേദനാജനകവും ആശങ്കപ്പെടുത്തുന്നതുമാണ്.

## തിരുവനന്തപുരത്ത് പടക്കനിർമാണ ശാലയിൽ തീപിടിത്തം, പൊട്ടിത്തെറി; ഉടമക്ക് ഗുരുതരപരിക്ക്

തിരുവനന്തപുരം: നന്ദിയോട് പടക്കനിർമാണ ശാലയിലുണ്ടായ പൊട്ടിത്തെറിയിൽ ഉടമക്ക് ഗുരുതരമായി പരിക്കേറ്റു. ആലംപാറയിൽ പ്രവർത്തിക്കുന്ന ശ്രീമുരുക പടക്കനിർമാണ ശാലയിലാണ് പൊട്ടിത്തെറി ഉണ്ടായത്.

ഗുരുതരമായി പരിക്കേറ്റ പടക്കനിർമാണ ശാല ഉടമ ഷിബുവിനെ തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

വീടിന് അൽപ്പം അകലെയാണ് ഗോഡൗൺ പ്രവർത്തിച്ചിരുന്നത്. ഈ സമയത്ത് ഷിബു മാത്രമാണ് അവിടെ ഉണ്ടായിരുന്നത്. രാവിലെ 10. 30 ഓടെയാണ് അപകടമുണ്ടായത്. വലിയ പൊട്ടിത്തെറി ശബ്ദമുണ്ടായി, ഉടൻ തീ പടർന്നുപിടിച്ചുവെന്നുമാണ് സമീപവാസികൾ പറയുന്നത്. പൊട്ടിത്തെറിയിൽ കെട്ടിടം പൂർണമായി തകർന്നു.

വിവരമറിഞ്ഞ് സ്ഥലത്തെത്തിയ ഫയർഫോഴ്സും പോലീസും ചേർന്നാണ് തീയണച്ചത്. അതിനു ശേഷമാണ് അകത്തുണ്ടായിരുന്നു ഉടമയെ പുറത്തെത്തിച്ചത്.

ഇയാളുടെ നില ഗുരുതരമാണെന്നാണ് റിപ്പോർട്ടുകൾ. അപകടത്തിന്റെ കാരണം വ്യക്തമല്ല.

## ജോയിയുടെ മരണം: യൂത്ത് കോൺഗ്രസ് മാർച്ച്; ജലപീരങ്കി പ്രയോഗിച്ചു

തിരുവനന്തപുരം: ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുന്നതിനിടയിൽ ഒഴുക്കിൽപ്പെട്ട് ജീവൻ നഷ്ടപ്പെട്ട ജോയിയുടെ മരണത്തിൽ പ്രതിഷേധിച്ച് തിരുവനന്തപുരം നഗരസഭയിലേക്ക് യൂത്ത് കോൺഗ്രസ് നടത്തിയ മാർച്ചിൽ സംഘർഷം. മേയർ രാജിവയ്ക്കണമെന്നാവശ്യപ്പെട്ടാണ് പ്രതിഷേധക്കാർ മാർച്ച് നടത്തിയത്. ബാരിക്കേഡ് മറിച്ചിടാൻ ശ്രമം നടത്തിയ പ്രവർത്തകർക്കു നേരെ പോലീസ് ജലപീരങ്കി പ്രയോഗിച്ചു. പിന്നാലെ നഗരസഭയുടെ പിന്നിലെ ഗേറ്റ് വഴി അകത്ത് കയറാൻ ശ്രമിച്ച പ്രതിഷേധക്കാരെ പോലീസ് തടഞ്ഞു.

## ജോയിയുടെ കുടുംബത്തിന് സഹായം; 10 ലക്ഷം പ്രഖ്യാപിച്ച് സർക്കാർ

തിരുവനന്തപുരം: ആമയിഴഞ്ചാൻ തോട്ടിൽ ശുചീകരണത്തിനിടെ ഒഴുക്കിൽപ്പെട്ട് മരിച്ച ജോയിയുടെ കുടുംബത്തിന് 10 ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ച് സർക്കാർ. ഇന്നു ചേർന്ന മന്ത്രിസഭാ യോഗത്തിലാണ് ഇക്കാര്യം തീരുമാനിച്ചത്.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നാണ് ജോയിയുടെ അമ്മയ്ക്ക് ധനസഹായം നല്കുന്നത്.

അതേസമയം, ആമയിഴഞ്ചാൻ തോട് വൃത്തിയാക്കാനുള്ള നടപടികൾ ഊർജിതമാക്കാൻ മുഖ്യമന്ത്രി വ്യാഴാഴ്ച യോഗം വിളിച്ചിട്ടുണ്ട്. മന്ത്രിമാർ, എംഎൽഎമാർ, മേയർ എന്നിവർക്ക് പുറമെ റെയിൽവെ ഡിവിഷണൽ മാനേജർ ഉൾപ്പടെയുള്ള ഉയർന്ന ഉദ്യോഗസ്ഥരും പങ്കെടുക്കും.

കഴിഞ്ഞ ശനിയാഴ്ച രാവിലെ പത്തോടെയാണ് മാരായിമുട്ടം സ്വദേശിയായ ജോയിയും മറ്റ് മൂന്നു തൊഴിലാളികളും ആമയിഴഞ്ചാൻ തോട് വൃത്തിയാക്കാനിറങ്ങിയത്. കനത്ത മഴയിൽ പെട്ടെന്നുണ്ടായ ഒഴുക്കിൽ കാണാതായ ജോയിയുടെ മൃതദേഹം 48 മണിക്കൂർ നീണ്ട തിരച്ചിലിനൊടുവിൽ തകരപ്പറമ്പ് വഞ്ചിയൂർ റോ!ഡിലെ കനാലിൽ നിന്നുമാണ് കണ്ടെത്തിയത്.

# ടെക്നോപാർക്ക് ആസ്ഥാനമായ ട്രയാസിക് സൊല്യൂഷൻസ് അമേരിക്കൻ കമ്പനിയായ സെക്വേയയുമായി കൈകോർക്കുന്നു

### ആരോഗ്യ പരിചരണം, ഇൻഡസ്ട്രിയൽ ഓട്ടോമേഷൻ, എഐ തുടങ്ങിയ മേഖലകളിലെ അമേരിക്കൻ വിപണി ലക്ഷ്യമാക്കിയാണ് കരാർ

തിരുവനന്തപുരം: ടെക്നോപാർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന സോഫ്റ്റ് വെയർ കമ്പനിയായ ട്രയാസിക് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, വടക്കേ അമേരിക്കൻ വിപണിയിൽ തങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിൻറെ ഭാഗമായി അമേരിക്കൻ കമ്പനിയായ സെക്വേയ അപ്ലൈഡ് ടെക്നോളജീസുമായി സഹകരിക്കാൻ ധാരണയായി.

ആരോഗ്യ പരിചരണം, ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ, ഇൻഡസ്ട്രിയൽ ഓട്ടോമേഷൻ, ലൈഫ് സയൻസസ്, ആർട്ടിഫിഷ്യൽ ഇൻറലിജൻസ് എന്നീ മേഖലകളിലാണ് സഹകരണം.ടെലിഹെൽത്ത്, പൊതുജനാരോഗ്യ നിർവഹണം, ഇഎച്ച്ആർ ഇൻറഗ്രേഷൻ, മെഡിക്കൽ ഉപകരണങ്ങളുടെ സോഫ്റ്റ് വെയർ എന്നിവയിൽ മികവാർന്ന നൂതന ആരോഗ്യ പരിപാലന സംവിധാനങ്ങൾ ലഭ്യമാക്കുന്ന ട്രയാസിക് സൊല്യൂഷൻസും സാന്താ ക്ലാരാ ആസ്ഥാനമായി പ്രവർത്തിക്കുന്ന സെക്വേയ അപ്ലൈഡ് ടെക്നോളജീസും തമ്മിലുള്ള സഹകരണത്തിലൂടെ വടക്കേ അമേരിക്കയിലുള്ള ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ടതും നൂതനവുമായ സേവനങ്ങൾ ലഭ്യമാക്കാൻ സാധിക്കും.

അമേരിക്കൻ വിപണിയിലെ തങ്ങളുടെ സ്വാധീനം ഈ പങ്കാളിത്തത്തിലൂടെ വർദ്ധിക്കുമെന്ന് ട്രയാസിക് സൊല്യൂഷൻസ് സിഇഒ ശിവകുമാർ എസ് കെ പറഞ്ഞു. ഉപഭോക്താക്കളുമായി അടുത്ത് നിൽക്കാൻ സാധിക്കുക എന്നത് പരമ പ്രധാനമാണ്.

അമേരിക്കയിലെ സെക്വേയ അപ്ലൈഡ് ടെക്നോളജീസിൻറെ ഡെലിവറി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലൂടെ തങ്ങളുടെ ഉപഭോക്താക്കളുടെ സംതൃപ്തിയും അവർക്കു വേണ്ടിയുള്ള സേവനങ്ങളും ഉയർത്താനാണ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ട്രയാസിക്കിൻറെ വിതരണ വൈദഗ്ധ്യം തങ്ങളുടെ വളർച്ചയ്ക്ക് കരുത്ത് പകരുമെന്ന് സെക്വേയ അപ്ലൈഡ് ടെക്നോളജീസ് സിഇഒ അജു കുര്യാക്കോസ് പറഞ്ഞു.

ഈ പങ്കാളിത്തത്തിലൂടെ സേവന നിലവാരവും കാര്യക്ഷമതയും വർദ്ധിപ്പിക്കാനും ഉപഭോക്താക്കളുടെ പ്രതീക്ഷകൾ നിറവേറ്റാനും തങ്ങൾക്ക് സാധിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

സോഫ്റ്റ് വെയർ ഡെവലപ്മെൻറ്, പ്രോഡക്റ്റ് എഞ്ചിനീയറിംഗ്, ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ എന്നിവയിൽ വൈദഗ്ധ്യമുള്ള സാങ്കേതികതയുടെ മുൻനിര ദാതാവാണ് സെക്വേയ അപ്ലൈഡ് ടെക്നോളജീസ്.

തന്ത്രപ്രധാനമായ വളർച്ചയ്ക്കും നവീകരണത്തിനുമായി രണ്ട് കമ്പനികളുടെയും കഴിവുകൾ പ്രയോജനപ്പെടുത്തുന്ന സഹകരണമാണ് ഈ ധാരണയുടെ പ്രധാനപ്പെട്ട സവിശേഷത.

ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ, ഹെൽത്ത് കെയർ, ലൈഫ് സയൻസസ്, ഇൻഡസ്ട്രിയൽ ഓട്ടോമേഷൻ, എഐ എന്നിവയിലെ നൈപുണ്യം പ്രയോജനപ്പെടുത്തി ഉപഭോക്താക്കൾക്ക് ആവശ്യമായ അത്യാധുനിക സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഈ പങ്കാളിത്തം വഴിയൊരുക്കും.

## സ്റ്റുഡിയോയുടെ മറവിൽ കള്ളനോട്ടടി; ഉപയോഗിച്ചത് 50 രൂപയുടെ മുദ്രപത്രം

കയ്പമംഗലം(തൃശ്ശൂർ): മൂന്നുപീടികയിലെ മെഡിക്കൽ ഷോപ്പിൽ കള്ളനോട്ട് നൽകി തട്ടിപ്പ് നടത്തിയയാളെ പോലീസ് അറസ്റ്റ് ചെയ്തു. പാവറട്ടി വെമ്പനാട് കൊള്ളന്നൂർ ജസ്റ്റിനെ (39)യാണ് കയ്പമംഗലം പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ ദിവസമാണ് ഇയാൾ മൂന്നുപീടികയിലെ ജൻ ഔഷധിയിൽനിന്ന് മരുന്ന് വാങ്ങിയ ശേഷം അഞ്ഞൂറ് രൂപ കൊടുത്തത്. നോട്ടിൽ സംശയംതോന്നിയ കടയുടമ ഇയാളെ അപ്പോൾ തന്നെ ചോദ്യം ചെയ്തെങ്കിലും ഈ നോട്ട് മാറിയില്ലെങ്കിൽ തന്റെ ഫോൺ നമ്പറിൽ വിളിച്ചാൽ മതിയെന്ന് പറഞ്ഞ് മൊബൈൽ നമ്പർ നൽകി സ്ഥലം വിടുകയായിരുന്നു.

പിന്നീട് നോട്ട് വ്യാജനാണെന്ന് മനസ്സിലാക്കിയ കടയുടമ ഫോണിൽ വിളിച്ചെങ്കിലും നമ്പർ നിലവിലില്ലായിരുന്നു, കടയുടമ പോലീസിൽ പരാതി നൽകിയതോടെയാണ് തട്ടിപ്പ് നടത്തിയയാൾ പിടിയിലായത്. സ്ഥലത്തെ സി.സി.ടി.വി. പരിശോധിച്ചാണ് പോലീസ് ജസ്റ്റിൻ വന്ന കാർ കണ്ടെത്തുകയും കാറിന്റെ നമ്പർ ഉപയോഗിച്ച് ആളെ കണ്ടെത്തുകയുമായിരുന്നു. പാവറട്ടി പാങ്ങിൽ ഡിസൈനിങ് സ്റ്റുഡിയോ നടത്തുന്നയാളാണ് ജസ്റ്റിൻ, സ്റ്റുഡിയോയിൽനിന്ന് നോട്ട് ഉണ്ടാക്കാൻ ഉപയോഗിക്കുന്ന കംപ്യൂട്ടറും പ്രിന്ററും മറ്റ് സാമഗ്രികളുമടക്കം കയ്പമംഗലം പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

50രൂപയുടെ മുദ്രപത്രത്തിലാണ് ഇയാൾ നോട്ട് പ്രിന്റ് ചെയ്തിരുന്നത്, ഇത്തരത്തിൽ പ്രിന്റ് ചെയ്തിരുന്ന 12 അഞ്ഞൂറ് രൂപ നോട്ടുകളും സ്റ്റുഡിയോയിൽനിന്ന് പോലീസ് കണ്ടെത്തി. ആറ് മാസത്തോളമായി ഇയാൾ ഇത്തരത്തിൽ നോട്ടുകൾ പ്രിന്റ് ചെയ്തെടുക്കുന്നുണ്ടെന്നും മീൻ വാങ്ങാനും മറ്റ് സ്വന്തം ആവശ്യങ്ങൾക്കുമായാണ് ഇയാൾ നോട്ട് ഉപയോഗിച്ചിരുന്നതെന്നും പോലീസ് പറഞ്ഞു. പ്രതിയെ കോടതിയിൽ ഹാജരാക്കി

## അപേക്ഷ ക്ഷണിച്ചു

വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്ക് കോളേജിന് കീഴിൽ പ്രവർത്തിക്കുന്ന വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിൽ ഒരു വർഷം ദൈർഘ്യമുള്ള കെ.ജി.റ്റി.ഇ പ്രിന്റിങ് ടെക്നോളജി (പാർട്ട് ടൈം) പ്രീ പ്രസ്സ് ഓപ്പറേഷൻ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ പത്താം ക്ലാസ്സ് പാസ്സായിരിക്കണം. അപേക്ഷ ഫോറവും വിശദവിവരങ്ങൾ അടങ്ങിയ പ്രോസ്പെക്ടസും www.sitttrkerala.ac.in, www. polyadmission.org എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗക്കാർക്കും ഭിന്നശേഷിക്കാർക്കും ഗവ. പ്രസ്സിലെ ജീവനക്കാർക്കും സീറ്റുകളിലേക്ക് സംവരണം ഉണ്ടായിരിക്കും. പൂരിപ്പിച്ച അപേക്ഷ ഫോറം സ്വയം സാക്ഷ്യപ്പെടുത്തിയ നിർദ്ദിഷ്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, അപേക്ഷ ഫീസ് (25 രൂപ) എന്നിവ സഹിതം ജൂലൈ 24ന് വൈകിട്ട് 4 മണിക്ക് മുമ്പായി സെൻട്രൽ പോളിടെക്നിക്ക് കോളേജ് ഓഫീസിൽ സമർപ്പിക്കണം.

## വീടിനു മുകളിലേക്ക് മണ്ണിടിഞ്ഞുവീണു; രണ്ടുമുറികൾ തകർന്നു, വീട്ടുകാർ രക്ഷപ്പെട്ടത് തലനാരിഴയ്ക്ക്

കൊച്ചി: എറണാകുളം പള്ളിക്കരയിൽ കനത്ത മഴയിൽ വീടിനു മുകളിലേക്ക് മണ്ണിടിഞ്ഞുവീണു. രണ്ടു മുറികൾ തകർന്നെങ്കിലും വീട്ടുകാർ തലനാരിഴയ്ക്ക് രക്ഷപെട്ടു.

മുട്ടം തോട്ടച്ചിൽ ജോമോൻ മാത്യുവിന്റെ വീടാണ് തകർന്നത്. രാത്രി 11 മണിയോടെയാണ് സംഭവം. വീടിന്റെ പിൻവശത്തേക്കാണ് മണ്ണിടിഞ്ഞു വീണത്. കിടപ്പുമുറിയടക്കം രണ്ട് മുറികൾ പൂർണമായും തകർന്നു. വീട്ടുപകരണങ്ങൾക്കും നാശനഷ്ടമുണ്ടായിട്ടുണ്ട്.

ഈ സമയം വീട്ടിലുണ്ടായിരുന്നവർ എല്ലാവരും ഭക്ഷണം കഴിക്കുകയായിരുന്നു. ഇതിനാൽ വൻ ദുരന്തമൊഴിവായി. പ്രദേശത്ത് ചൊവ്വാഴ്ച കനത്ത മഴയാണ് ലഭിച്ചത്.

## എഴുത്തുകാരൻ കെ.കെ. ഹിരണ്യൻ അന്തരിച്ചു

തൃശൂർ: അന്തരിച്ച എഴുത്തുകാരി ഗീത ഹിരണ്യന്റെ ഭർത്താവും കവിയും നിരൂപകനും അധ്യാപകനുമായ കെ.കെ. ഹിരണ്യൻ (70) അന്തരിച്ചു. തൃശൂരിലെ സ്വകാര്യ ആശുപത്രിയിൽ ഇന്നു പുലർച്ചെ മൂന്നു മണിയോടെയായിരുന്നു അന്ത്യം.മൃതദേഹം പതിനൊന്നര മുതൽ തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ പൊതുദർശനത്തിനു വയ്ക്കും. സംസ്കാരം ഉച്ചയ്ക്ക് മൂന്നു മണിക്ക് അമ്മാടത്തെ തറവാട്ടു വളപ്പിൽ. പാറളം പാർപ്പക്കടവ് റോഡിൽ കടവത്ത് ഉള്ളന്നൂർ മന പരേതനായ കുഞ്ഞുണ്ണി നമ്പൂതിരിയുടെ മകനാണ്.തൃശൂർ ഗവ.കോളജിൽ പ്രിൻസിപ്പലായിരിക്കെയാണ് സർവീസിൽനിന്ന് വിരമിച്ചത്. അമ്മാടം സെൻറ് ആൻറണീസ് സ്കൂളിലും തൃശൂർ കേരളവർമയിലും കാലിക്കറ്റ് യൂണിവേഴ്സിറ്റി കാമ്പസിലും മറ്റുമായാണ് വിദ്യാഭ്യാസം പൂർത്തിയാക്കിയത്. കേരളത്തിലെ വിവിധ കോളേജുകളിൽ മലയാളം അധ്യാപകനായിരുന്നു. മക്കൾ: ഉമ, അനന്തകൃഷ്ണൻ.

## പട്ടികജാതി/വർഗക്കാർക്ക് സൗജന്യ പരിശീലനം

കേന്ദ്ര തൊഴിൽ ഉദ്യോഗ മന്ത്രാലയത്തിന്റെ കീഴിൽ തിരുവനന്തപുരത്ത് തൈക്കാട് പ്രവർത്തിക്കുന്ന ദേശീയ തൊഴിൽ സേവന കേന്ദ്രം പട്ടികജാതി/വർഗക്കാരായ യുവതീയുവാക്കളുടെ തൊഴിൽസാധ്യത വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഒരു വർഷം ദൈർഘ്യമുള്ള സൗജന്യ പരിശീലന പരിപാടി 2024 ജൂലൈ മാസം തിരുവനന്തപുരത്ത് ആരംഭിച്ചു. ടൈപ്പ്റൈറ്റിങ്, ഷോർട്ട്ഹാൻഡ്, കമ്പ്യൂട്ടർ, ഇംഗ്ലീഷ്, കണക്ക്, ജനറൽനോളജ് എന്നീ വിഷയങ്ങളിലാണ് പരിശീലനം. പ്രതിമാസം 1000 രൂപ സ്റ്റൈപ്പന്റും മറ്റു പഠനസാമഗ്രികളും സൗജന്യമായി നൽകും. 2024 ജൂലൈ ഒന്നിന് 18നും 27 വയസിനും ഇടയിൽ പ്രായമുള്ള 12ാം ക്ലാസോ അതിനു മുകളിലോ പാസായവരും വാർഷിക വരുമാനം മൂന്നു ലക്ഷത്തിൽ കവിയാത്തവരുമായവർക്ക് കോഴ്സിൽ ചേരാം. ഈ കോഴ്സിലേക്ക് ഏതാനും ഒഴിവുകൾ ഉണ്ട്. പ്രസ്തുത കോഴ്സിൽ ചേരുവാൻ താത്പര്യമുള്ളവർ ഉടൻതന്നെ എസ്.എസ്.എൽ.സി, പ്ലസ് ടു, വരുമാന സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, എംപ്ലോയ്മെന്റ് കാർഡ്, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ, വോട്ടർ കാർഡ്/ഡ്രൈവിങ് ലൈസൻസ്, ബാങ്ക് പാസ്ബുക്ക് എന്നീ രേഖകളുടെ കോപ്പിസഹിതം ഈ കേന്ദ്രത്തിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 0471 2332113/8304009409.

## എം.ബി.എ കെ മാറ്റ് ഫലം പ്രസിദ്ധീകരിച്ചു

202425 വർഷത്തെ എം.ബി.എ കോഴ്സ് പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണർ 2024 ജൂൺ 30ന് നടത്തിയ കേരള മാനേജ്മെന്റ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് (കെ മാറ്റ് 2024) പ്രവേശന പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റായ www.cee.kerala.gov.in ൽ ഫലം ലഭ്യമാണ്. വിദ്യാർഥികൾക്ക് വെബ്സൈറ്റിലെ കാൻഡിഡേറ്റ് പോർട്ടലിൽ നിന്ന് അവരുടെ സ്കോർ കാർഡ് ഡൗൺലോഡ് ചെയ്യാവുന്നതാണ്. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. ഹെൽപ് ലൈൻ നമ്പർ: 0471 2525300.

## തിരുവനന്തപുരത്ത് വള്ളംമറിഞ്ഞ് മത്സ്യത്തൊഴിലാളി മരിച്ചു

മര്യനാട്: തിരുവനന്തപുരം മര്യനാട് വള്ളം മറിഞ്ഞ് മത്സ്യത്തൊഴിലാളി മരിച്ചു. മര്യനാട് അർത്തിയിൽ പുരയിടത്തിൽ അലോഷ്യസ് ആണ് മരിച്ചത്.മത്സ്യബന്ധനത്തിന് പോകുന്നതിനിടെയാണ് വള്ളം മറിഞ്ഞത്. അലോഷ്യഷിനെ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.അലോഷ്യസിനൊപ്പം ഉണ്ടായിരുന്ന മൂന്നു പേർ നീന്തിരക്ഷപ്പെട്ടു.

## മലപ്പുറത്ത് നാലുപേർക്ക് മലമ്പനി സ്ഥിരീകരിച്ചു; ജാഗ്രതാ നിർദേശം

നിലമ്പുർ: മലപ്പുറത്ത് നാലുപേർക്ക് മലമ്പനി സ്ഥിരീകരിച്ചു. നിലമ്പൂരിൽ ഒരാൾക്കും പൊന്നാനിയിൽ മൂന്നു പേർക്കുമാണ് മലമ്പനി സ്ഥിരീകരിച്ചത്.പൊന്നാനിയിൽ 1200 പേരുടെ രക്തസാമ്പിളുകൾ പരിശോധിച്ചതിൽ നിന്നാണ് മൂന്ന് പേർക്ക് രോഗം സ്ഥിരീകരിച്ചത്. മൂന്ന് സ്ത്രീകൾക്കാണ് ഇവിടെ രോഗം ബാധിച്ചത്.നിലമ്പൂരിൽ ഇതര സംസ്ഥാന തൊഴിലാളിക്കാണ് രോഗം ബാധിച്ചത്. ഒഡീഷയിൽ നിന്നുള്ള തൊഴിലാളിയാണ് ഇയാൾ. നിലമ്പൂർ ജില്ലാആശുപത്രിയിൽ നിന്ന് ചികിത്സ തേടിയ ഇയാൾ താമസ സ്ഥലത്തേക്ക് മടങ്ങി.

മലമ്പനി ബാധയുടെ പശ്ചാത്തലത്തിൽ പൊന്നാനി നഗരസഭയുടെയും ആരോഗ്യവകുപ്പിന്റെയും നേതൃത്വത്തിൽ പ്രതിരോധപ്രവർത്തനങ്ങൾ ഊർജിതമാക്കി. അഞ്ചാം വാർഡിലാണ് ആദ്യമായി രോഗം കണ്ടെത്തിയത്.

ആരോഗ്യപ്രവർത്തകർ, വെക്ടർ കൺട്രോൾ യൂണിറ്റ്, ആശാ പ്രവർത്തർ തുടങ്ങിയവരെ പ്രത്യേക സംഘങ്ങളാക്കി തിരിച്ചാണ് പ്രതിരോധപ്രവർത്തനം. കൂടുതൽ രോഗബാധിതരുണ്ടോ എന്നറിയാൻ ഗൃഹസന്ദർശന സർവേ നടത്തി.

## നീറ്റ് യോഗ്യത നേടിയവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു

കേന്ദ്ര സർക്കാർ, മറ്റ് സംസ്ഥാനങ്ങൾക്കായി സംവരണം ചെയ്തിരിക്കുന്ന ആയുഷ് ഡിഗ്രി കോഴ്സുകളിൽ, കേരളത്തിന് വേണ്ടി സംവരണം ചെയ്തിരിക്കുന്ന, കർണ്ണാടകത്തിലെ ബാംഗ്ലൂരിലുള്ള സർക്കാർ യുനാനി മെഡിക്കൽ കോളേജിലെ യുനാനി (ആഡങ്ങട) ഡിഗ്രി (1 സീറ്റ്) കോഴ്സിലേക്കും, തമിഴ്നാട്ടിലെ പാളയം കോട്ടയിലുള്ള സർക്കാർ സിദ്ധ മെഡിക്കൽ കോളേജിലെ സിദ്ധ ഡിഗ്രി (ആടങ്ങട) കോഴ്സിലേക്കും (1 സീറ്റ്) ഓരോ സീറ്റുകളിലേക്ക് 202425 അധ്യയന വർഷം നീറ്റ് യോഗ്യത നേടിയവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ആയുഷ് മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദ്ദേശം അനുസരിച്ചുള്ള ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, മറ്റ് രേഖകൾ ഉൾപ്പെടെ അപേക്ഷ ഇമെയിൽ വഴിയോ, നേരിട്ടോ, തപാൽ മുഖേനയോ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ജൂലൈ 23ന് വൈകുന്നേരം നാലു മണിക്ക് മുൻപായി ലഭിക്കത്തക്ക വിധത്തിൽ ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ആരോഗ്യ ഭവൻ, എം. ജി. റോഡ്, തിരുവനന്തപുരം എന്ന വിലാസത്തിൽ സമർപ്പിക്കണം.

പ്രവേശനം സംബന്ധിച്ച് ആയുഷ് മന്ത്രാലയത്തിന്റെ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ www.ayurvedacollege.ac.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്. ഇമെയിൽ വിലാസം: director.ame@kerala.gov.in

## കീം 2024 പ്രൊഫൈൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള അവസാന തീയതി ദീർഘിപ്പിച്ചു

2024 25 അധ്യയന വർഷത്തെ കേരള എൻജിനിയറിങ്/ ആർക്കിടെക്ചർ/ ഫാർമസി/ മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിച്ച വിദ്യാർഥികൾക്ക് അവരുടെ പ്രൊഫൈൽ പരിശോധിക്കുന്നതിനും അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം അവ പരിഹരിക്കുന്നതിനും അവസാന തീയതി ജൂലൈ 20 വരെയായി ദീർഘിപ്പിച്ചു. വിശദ വിവരങ്ങൾക്ക് ജൂലൈ 9ാം തീയതിയിലെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. ഹെൽപ് ലൈൻ നമ്പർ: 0471 2525300.

## മെഡിക്കൽ കോളജിലെ ജീവനക്കാർക്ക് ചെക്ക് ലിസ്റ്റുകൾ ഏർപ്പെടുത്തും: വീണാ ജോർജ്

തിരുവനന്തപുരം: മെഡിക്കൽ കോളജിലെ ജീവനക്കാർക്ക് ചെക്ക് ലിസ്റ്റുകൾ ഏർപ്പെടുത്തുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ആശുപത്രികളിലെ സുരക്ഷിതത്വവും പ്രവർത്തനങ്ങളിലെ കാര്യക്ഷമതയും പരിശോധിക്കാനാണ് ഇതെന്ന് മന്ത്രി വ്യക്തമാക്കി.ജീവനക്കാർ ചെക്ക് ലിസ്റ്റ് കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് പ്രിൻസിപ്പൽമാരും സൂപ്രണ്ടുമാരും ഉറപ്പാക്കണം. മെഡിക്കൽ കോളജിലെ ജീവനക്കാർക്ക് പരിശീലനങ്ങൾ നിർബന്ധമാക്കും.

പ്രൊമോഷനിലും കോൺട്രാക്ട് പുതുക്കലിനും വിജയകരമായ പരിശീലനം പ്രധാന മാനദണ്ഡമായിരിക്കും. ജീവനക്കാരോടും കൂട്ടിരിപ്പുകാരോടും സഹാനുഭൂതിയോടെ പെരുമാറണം. അവർക്ക് കൃത്യമായ വിവരങ്ങൾ നൽകണമെന്നും മന്ത്രി അറിയിച്ചു.കൃത്യവിലോപങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത നടപടി സ്വീകരിക്കും. ജീവനക്കാർ അവരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും കൃത്യമായി നിർവഹിക്കണമെന്നും മന്ത്രി അറിയിച്ചു.

## പരീക്ഷ ടൈംടേബിൾ പ്രസിദ്ധീകരിച്ചു

സാങ്കേതിക പരീക്ഷാ കൺട്രോളർ നടത്തുന്ന കെജിസിഇ ഫൈൻ ആർട്സ് ആൻഡ് ആനിമേഷൻ ആഗസ്റ്റ് 2024 പരീക്ഷ ടൈം ടേബിൾ www.tekerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ സിറ്റിങ്

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ ജൂലൈ 19ന് വെള്ളിയാഴ്ച രാവിലെ 11 മണിക്ക് തിരുവനന്തപുരം വെള്ളയമ്പലം അയ്യൻകാളി ഭവനിലുള്ള കമ്മീഷന്റെ കോർട്ട് ഹാളിൽ സിറ്റിങ് നടത്തും. പ്രസ്തുത സിറ്റിങിൽ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ജി ശശിധരൻ, മെമ്പർമാരായ സുബൈദാ ഇസ്ഹാക്ക്, ഡോ. എ.വി. ജോർജ്ജ്, കമ്മീഷൻ മെമ്പർ സെക്രട്ടറി എന്നിവർ പങ്കെടുക്കും.

## സർക്കാർ ഡയറിയിലേക്കുള്ള വിവരങ്ങൾ ഓൺലൈനായി സമർപ്പിക്കണം

2025 ലെ സർക്കാർ ഡയറി/ ഡിജിറ്റൽ ഡയറിയിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ ഓൺലൈനിലൂടെ സമർപ്പിക്കണം. വിവിധ സർക്കാർ വകുപ്പുകൾക്കും ഓഫീസുകൾക്കും സ്ഥാപനങ്ങൾക്കും അനുവദിച്ചിട്ടുള്ള യൂസർ നെയിമും പാസ്സ് വേഡും ഉപയോഗിച്ച് http://gaddiary.kerala.gov.in എന്ന ലിങ്കിലൂടെ നേരിട്ടോ www.gad.kerala.gov.in എന്ന വെബ്സൈറ്റ് വഴിയോ 2025 ലെ ഡയറിയിൽ ഉൾപ്പെടുത്തേണ്ട വിശദാംശങ്ങൾ നൽകാവുന്നതാണ്. ജൂലൈ 31 വരെ ഓൺലൈനിലൂടെ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണെന്ന് പൊതുഭരണവകുപ്പ് സർക്കുലറിലൂടെ അറിയിച്ചു.

## അപേക്ഷ ഫീസ് അടക്കേണ്ട തീയതി ദീർഘിപ്പിച്ചു

സംസ്ഥാനത്തിലെ സർക്കാർ ഐ.ടി.ഐകളിലെ 2024 പരിശീലന വർഷത്തേക്കുള്ള അഡ്മിഷൻ നടപടികളുടെ ഭാഗമായി അപേക്ഷാ ഫീസ് ഒടുക്കാത്തതോ, അപേക്ഷകളുടെ വെരിഫിക്കേഷൻ പൂർത്തിയാക്കാത്തതോ ആയ അപേക്ഷകർക്ക് അപേക്ഷാഫീസ് ഒടുക്കുന്നതിനും അപേക്ഷകളുടെ വെരിഫിക്കേഷൻ പൂർത്തിയാക്കുന്നതിനുമുള്ള അവസാന തീയതി 2024 ജൂലൈ 18 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.


അതോടൊപ്പം ഹയർസെക്കണ്ടറി സേ പരീക്ഷയുടെ റിസൾട്ട് വന്നിട്ടുള്ളതിനാൽ പാസായ കുട്ടികൾക്ക് ഐടിഐ പ്രവേശനത്തിന് നിയമാനുസൃതം ലഭിക്കേണ്ട ഗ്രേസ് മാർക്കിനും അർഹതയുള്ളതിനാൽ 2024 ജൂലൈ 12 ന് മുൻപ് ഐടിഐ പ്രവേശനത്തിന് ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളവർ അഡ്മിഷൻ പോർട്ടലിൽ ലോഗിൻ ചെയ്ത് പ്ലസ്ടു യോഗ്യത കൂടി ചേർത്ത് ഈ അവസരം പ്രയോജനപ്പെടുത്തേണ്ടതാണ്.



ഓണത്തിനൊരു മുറം പച്ചക്കറി പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം സെക്രട്ടറിയേറ്റ് വളപ്പിൽ പച്ചക്കറി തൈ നട്ട് മന്ത്രിമാരായ ഡോ.ആർ ബിന്ദു,ജെ ചിഞ്ചുറാണി, കെ രാജൻ, രാമചന്ദ്രൻ കടന്നപ്പള്ളി, പി പ്രസാദ്, കെ എൻ ബാലഗോപാൽ, റോഷി അഗസ്റ്റിൻ, ചീഫ് സെക്രട്ടറി ഡോ. വി വേണു എന്നിവർ ചേർന്ന് നിർവഹിക്കുന്നു

## അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള 17 ഗവ. കൊമേഴ്ഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നടത്തപ്പെടുന്ന രണ്ടു വർഷത്തെ സെക്രട്ടേറിയൽ പ്രാക്ടീസ് ഡിപ്ലോമ കോഴ്സിലേക്ക് 202425 അധ്യയന വർഷത്തേക്കുള്ള പ്രവേശനത്തിന്റെ അന്തിമ റാങ്ക് ലിസ്റ്റ് ജൂലൈ 17ന് പ്രസിദ്ധീകരിച്ചു. കൂടുതൽ വിവരങ്ങൾക്ക്: www.polyadmission.org/gci.



ആമയിഴഞ്ചാൻ തോട്ടിൽ രക്ഷാ പ്രവർത്തനത്തിൽ പങ്കെടുത്ത ഫയർ ആൻഡ് റസ്ക്യൂ സേനാംഗങ്ങളായ സ്കൂബാ ഡൈവേഴ്സിന് മന്ത്രി എം ബി രാജേഷ് ഉപഹാരം നൽകുന്നു.

# വാഹനാപകടക്കേസിൽ വൻ ട്വിസ്റ്റ്; ഭാര്യയെയും രണ്ടുമക്കളെയും കൊന്ന് കാർ ഇടിച്ചുകയറ്റി, കാരണം ആ ബന്ധം

ഹൈദരാബാദ്: തെലങ്കാനയിലെ ഖമ്മത്ത് ഒന്നര മാസം മുൻപുണ്ടായ വാഹനാപകടക്കേസിൽ വൻ ട്വിസ്റ്റ്. സംഭവം കൊലപാതകമാണെന്നും യുവതിയെയും രണ്ടുമക്കളെയും കൊലപ്പെടുത്തിയശേഷം ഭർത്താവ് കാർ മരത്തിലേക്ക് ഇടിച്ചുകയറ്റിയതാണെന്നും പൊലീസ് അന്വേഷണത്തിൽ കണ്ടെത്തി. സംഭവത്തിൽ പ്രതിയായ ഖമ്മം സ്വദേശി ബി. പ്രവീണിനെ പൊലീസ് അറസ്റ്റ് ചെയ്തു.

ആശുപത്രി ജീവനക്കാരനായ പ്രവീണും സഹപ്രവർത്തകയായ നഴ്സും അടുപ്പത്തിലായിരുന്നു. രഹസ്യബന്ധത്തിന് ഭാര്യയും മക്കളും തടസ്സമായതിനാലാണ് ഇയാൾ മൂവരെയും കൊലപ്പെടുത്തിയതെന്നാണ് പൊലീസിന്റെ കണ്ടെത്തൽ.

കഴിഞ്ഞ മേയ് 28നാണ് പ്രവീൺ ഓടിച്ചിരുന്ന കാർ ഖമ്മത്ത് അപകടത്തിൽപ്പെട്ടത്. അപകടത്തിന് പിന്നാലെ പ്രവീണിന്റെ ഭാര്യ ബി. കുമാരി മക്കളായ കൃതിക(3) കൃഷിക(4) എന്നിവരെ കാറിനുള്ളിൽ മരിച്ചനിലയിൽ കണ്ടെത്തിയിരുന്നു. കാറോടിച്ച പ്രവീണിനെ സാരമായ പരിക്കുകളോടെ ആശുപത്രിയിലും പ്രവേശിപ്പിച്ചു.

കാർ മരത്തിലിടിച്ചുണ്ടായ അപകടത്തിലാണ് കുമാരിയും രണ്ട് മക്കളും മരിച്ചതെന്നായിരുന്നു പ്രാഥമിക നിഗമനം. അതേസമയം, സംഭവത്തിൽ ദുരൂഹതയുണ്ടെന്ന് കുമാരിയുടെ ബന്ധുക്കൾ പരാതി ഉന്നയിച്ചതോടെ പൊലീസ് വിശദമായ അന്വേഷണം ആരംഭിച്ചു. തുടർന്ന് മൂവരുടെയും മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടം നടത്തി. വിശദമായ മൃതദേഹ പരിശോധനയിലാണ് കുമാരിയുടെയും മക്കളുടെയും മരണം കൊലപാതകമെന്ന് തെളിഞ്ഞത്.

അമിതമായ അളവിൽ അനസ്തേഷ്യ നൽകിയാണ് ആശുപത്രി ജീവനക്കാരനായ പ്രവീൺ ഭാര്യയെ കൊലപ്പെടുത്തിയതെന്നാണ് പൊലീസ് അന്വേഷണത്തിലെ കണ്ടെത്തൽ. മക്കളെ ഇയാൾ ശ്വാസംമുട്ടിച്ചാണ് കൊലപ്പെടുത്തിയതെന്നും പൊലീസ് പറഞ്ഞു. മൂവരെയും കാറിൽവെച്ച് കൊലപ്പെടുത്തിയശേഷം സംഭവം അപകടമരണമായി ചിത്രീകരിക്കാൻ ഇയാൾ റോഡരികിലെ മരത്തിലേക്ക് കാറോടിച്ച് കയറ്റുകയായിരുന്നു.

പ്രതിയായ പ്രവീൺ ഹൈദരാബാദിലെ ആശുപത്രിയിൽ ജീവനക്കാരനാണ്. കുടുംബത്തോടൊപ്പം ഹൈദരാബാദിൽ തന്നെയായിരുന്നു ഇയാളുടെ താമസം. അടുത്തിടെ ആശുപത്രിയിലെ നഴ്സായ യുവതിയുമായി പ്രവീൺ അടുപ്പത്തിലായി. എന്നാൽ, ഇക്കാര്യം അറിഞ്ഞതോടെ കുമാരി ഭർത്താവിന്റെ രഹസ്യബന്ധത്തെ എതിർത്തു. സ്വന്തം മാതാപിതാക്കളെയും ഭർത്താവിന്റെ മാതാപിതാക്കളെയും ഇവർ വിവരമറിയിച്ചു. ഇതോടെ പ്രവീണിന്റെ അച്ഛൻ ഇയാൾക്ക് താക്കീത് നൽകി. ഹൈദരാബാദിലെ ജോലി ഉപേക്ഷിച്ച് കുടുംബത്തോടൊപ്പം നാട്ടിലേക്ക് മടങ്ങാനും പിതാവ് ആവശ്യപ്പെട്ടു. ഇതനുസരിച്ച് ഹൈദരാബാദിൽനിന്ന് സ്വദേശമായ ഖമ്മത്തേക്ക് മടങ്ങുന്നതിന് മുൻപാണ് പ്രവീൺ ഭാര്യയെയും മക്കളെയും കൊലപ്പെടുത്തിയത്.

സംഭവദിവസം നാട്ടിലേക്കുള്ള യാത്രയ്ക്ക് മുൻപാണ് പ്രവീൺ ഭാര്യയ്ക്ക് അനസ്തേഷ്യ കുത്തിവെച്ചത്. നേരത്തെ പ്രവീണിൽനിന്ന് കുമാരി കാത്സ്യം ഗുളികകൾ വാങ്ങിക്കഴിച്ചിരുന്നു. അതിനാൽ കാത്സ്യം മരുന്നാണെന്ന വ്യാജേനയാണ് കാറിൽവെച്ച് ഇയാൾ അനസ്തേഷ്യ നൽകിയത്. തുടർന്ന് രണ്ട് മക്കളെ ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തുകയും ചെയ്തു. ഇതിനുശേഷമാണ് കാർ മരത്തിലിടിച്ച് കയറ്റി അപകടമുണ്ടാക്കിയതെന്നും പൊലീസ് പറഞ്ഞു.

# ഒമാനിലെ മോസ്ക്കിന് സമീപം ഐഎസ് ആക്രമണം; ഇന്ത്യക്കാരനുൾപ്പടെ ആറു പേർ കൊല്ലപ്പെട്ടു

മസ്കറ്റ്: ഒമാൻ തലസ്ഥാനമായ മസ്കറ്റിലെ ഷിയാ മോസ്ക്കിന് സമീപം നടന്ന വെടിവെപ്പിൽ ഒരു ഇന്ത്യക്കാരനും നാല് പാക്കിസ്ഥാനികളും ഉൾപ്പെടെ ആറ് പേർ കൊല്ലപ്പെട്ടു.

30 ഓളം പേർക്ക് പരിക്കേറ്റു. പരിക്കേറ്റവരിൽ ഒരു ഇന്ത്യക്കാരനും ഉൾപ്പെടുന്നു. ആക്രമണത്തിന്റെ ഉത്തരവാദിത്വം ഐഎസ് ഭീകരർ ഏറ്റെടുത്തു.

മിഷിൻ ഗൺ ഉപയോഗിച്ചാണ് ഭീകരർ ആക്രമണം നടത്തിയത്. ആക്രമണം നടത്തിയ മൂന്ന് ഭീകരരെ റോയൽ ഒമാൻ പോലീസ് വെടിവയ്പ്പിൽ കൊലപ്പെടുത്തി.

വാദി അൽ കബീറിലെ ഷിയാ പള്ളിക്ക് സമീപമാണ് വെടിവെപ്പുണ്ടായത്. പള്ളിയിലുണ്ടായിരുന്നവർക്ക് നേരെ മൂന്ന് ചാവേറുകൾ വെടിയുതിർക്കുകയും ഒമാനി സുരക്ഷാ സേനയുമായി മണിക്കൂറുകളോളം ഏറ്റമുട്ടിയെന്നും ഐഎസ് പുറത്തുവിട്ട പ്രസ്താവനയിൽ പറയുന്നു.

പള്ളി ആക്രമിക്കുന്നതിന്റെ വീഡിയോ ദൃശ്യങ്ങൾ ടെലിഗ്രാമിലൂടെ ഐഎസ് പുറത്തുവിട്ടു. കൊല്ലപ്പെട്ടവരിൽ നാല് പേർ പാക് പൗരന്മാരാണെന്നും 50ഓളം പാക്കിസ്ഥാനികൾ പരിക്കേറ്റ് വിവിധ ആശുപത്രികളിൽ ചികിത്സയിൽ തുടരുകയാണെന്ന് പാക് അംബാസഡർ അറിയിച്ചു.

മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് അനുശോചനം രേഖപ്പെടുത്തുകയും പരിക്കേറ്റവർക്ക് വേഗത്തിൽ സുഖം പ്രാപിക്കട്ടെയെന്നും റോയൽ ഒമാൻ പോലീസ് അറിയിച്ചു.

# കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി സേവനങ്ങൾ സൗജന്യമായി എംപാനൽഡ് ആശുപത്രികളിൽ ലഭ്യമാണ്

### * നിയമവിരുദ്ധ എൻറോൾമെന്റിൽ പങ്കെടുക്കരുത്

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ എംപാനൽ ചെയ്ത ആശുപത്രികളിൽ സജ്ജമാക്കിയിട്ടുള്ള ഗഅടജ കിയോസ്ക്കുകൾ മുഖേന മാത്രമാണ് പദ്ധതിയുടെ അനുബന്ധ സേവനങ്ങൾ ലഭ്യമാക്കുന്നതെന്ന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി അറിയിച്ചു.

എന്നാൽ അനധികൃതമായി പ്രാദേശികമായി സംഘടിപ്പിക്കുന്ന ക്യാമ്പുകൾ മുഖേന പുതിയ അംഗങ്ങളെ ചേർക്കുന്നുവെന്നും കാർഡ് പുതുക്കി നൽകുന്നുവെന്നും തെറ്റായ സന്ദേശം പ്രചരിപ്പിച്ച് കാർഡ് പ്രിന്റ് ചെയ്ത് നൽകി പണം കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ കാർഡുകൾ പ്രിന്റ് ചെയ്തു നൽകുന്നത് നിയമവിരുദ്ധമാണ്. ഇത്തരം നിയമലംഘനങ്ങൾക്കെതിരെ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി നിയമ നടപടി സ്വീകരിക്കും.

പദ്ധതിയിൽ ഗുണഭോക്താക്കളെ പുതുതായി ഉൾപ്പെടുത്താനോ കാർഡ് പ്രിന്റ് ചെയ്ത് നൽകാനോ പദ്ധതി നടത്തിപ്പ് ചുമതലയുള്ള സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മറ്റു ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ സർക്കാരിന്റെ ഔദ്യോഗിക അറിയിപ്പ് ലഭിക്കാത്ത പക്ഷം ഇത്തരം ഏജൻസികൾ നടത്തുന്ന നിയമവിരുദ്ധമായ എൻറോൾമെന്റ് ക്യാമ്പുകളിൽ പങ്കെടുക്കരുത്. ഇത്തരത്തിൽ പണം നൽകി കാർഡ് പ്രിന്റ് ചെയ്ത് വഞ്ചിക്കപ്പെടാതിരിക്കാൻ ശ്രദ്ധിക്കണം. പദ്ധതിയിൽ എംപാനൽ ചെയ്ത ആശുപത്രികളിൽനിന്നും കാർഡുകളും അനുബന്ധ സേവനങ്ങളും ചികിത്സാവേളയിൽ ഗുണഭോക്താക്കൾക്ക് സൗജന്യമായി ലഭിക്കും. ഇതുവരെ സംസ്ഥാനത്തെ 43 ലക്ഷം കുടുംബങ്ങൾക്ക് പദ്ധതിയുടെ ചികിത്സാ കാർഡ് ഇത്തരത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

സംസ്ഥാന ആരോഗ്യ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (എസ്.എച്ച്.എ) യിലൂടെ നടപ്പിലാക്കുന്ന ആയുഷ്മാൻ ഭാരത് പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ഗുണഭോക്താക്കൾക്ക് സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതിയാണ്. പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലൂടെയാണ് സൗജന്യ ചികിത്സ ലഭ്യമാക്കി വരുന്നത്. പദ്ധതിയെക്കുറിച്ച് കൂടുതൽ വിവരങ്ങൾക്ക് ദിശ ടോൾ ഫ്രീ നമ്പറുകളായ 1056/ 104 ൽ ബന്ധപ്പെടാം.

# ആശുപത്രിയിൽ യുവതിക്ക് പാമ്പുകടിയേറ്റ സംഭവം നിഷേധിച്ച് ആരോഗ്യവകുപ്പ്

പാലക്കാട്: ചിറ്റൂർ താലൂക്ക് ആശുപത്രിയിൽ യുവതിക്ക് പാമ്പുകടിയേറ്റിട്ടില്ലെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. കെ.ജെ.റീന. വിശദമായ പരിശോധനയിൽ പാമ്പുകടി ഏറ്റില്ലെന്നു ബോധ്യമായതായും യുവതിയെ പാലക്കാട് ജില്ലാ ആശുപത്രിയിലേക്ക് റഫർ ചെയ്ത നടപടി ഉചിതമായില്ലെന്നും ആരോഗ്യവകുപ്പ് ഡയറക്ടർ പറഞ്ഞു.

ഡോക്ടർ പരിശോധിച്ചു കഴിഞ്ഞപ്പോൾ കടിയുടെ പാടൊന്നും കണ്ടില്ല. പിടികൂടിയ പാമ്പിന് വിഷമില്ലെന്ന് സ്ഥിരീകരിക്കുകയും ചെയ്തു. ചിറ്റൂർ ആശുപത്രിയിൽ ആൻറി സ്നേക് വെനം ഉണ്ടായിരുന്നു. ആ സാഹചര്യത്തിൽ അവരെ പുറത്തേക്ക് വിടണ്ട സാഹചര്യമില്ലായിരുന്നുവെന്നും ഡോ. കെ.ജെ.റീന പറഞ്ഞു.

ബുധനാഴ്ച രാവിലെയാണ് പാലക്കാട് പുതുനഗരം കരിപ്പോട് സ്വദേശിനി ഗായത്രിയെ ചിറ്റൂർ താലൂക്ക് ആശുപത്രിയിൽ വച്ച് പാമ്പു കടിച്ചതായി പരാതി ഉയർന്നത്. യുവതിയെ പാലക്കാട് ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്.

# മദ്യനയ കേസ്: കേജരിവാളിന്റെ സ്ഥിര ജാമ്യാപേക്ഷയിൽ വാദം 29ന്

ന്യൂഡൽഹി : മദ്യനയ ക്കേസിൽ ജയിലിൽ കഴിയുന്ന ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജരിവാളിന്റെ ജാമ്യ ഹർജികൾ വിധി പറയാൻ മാറ്റി. അതേസമയം കേജരിവാളിന്റെ സ്ഥിര ജാമ്യ അപേക്ഷയിൽ ജൂലൈ 29ന് കോടതി വാദം കേൾക്കും. കേസിലെ സിബിഐ അറസ്റ്റ് ചോദ്യം ചെയ്തും ഇടക്കാല ജാമ്യം തേടിയാണ് കേജരിവാൾ ഹൈക്കോടതിയെ സമീപിച്ചത്. എന്നാൽ കേജരിവാൾ സാക്ഷികളെ സ്വാധീനിക്കാനും അന്വേഷണം വഴിതെറ്റിക്കാനും ശ്രമിച്ചെന്നും സിബിഐ കോടതിയിൽ ആരോപിച്ചു. തെളിവുകൾ ഇല്ലാതിരുന്നിട്ടും കേജരിവാൾ ജയിൽ മോചിതൻ ആകാതിരിക്കാൻ വേണ്ടിയാണ് സിബിഐ അറസ്റ്റ് ചെയ്തതെന്ന് കേജരിവാളിന്റെ അഭിഭാഷകനായ അഭിഷേക് മനു സിംഗ്വി ചൂണ്ടികാട്ടി. ജുഡീഷ്യൽ കസ്റ്റഡിയിൽ ആയിരുന്നപ്പോൾ ഒരു കാരണവും കൂടാതെയാണ് കേജരിവാളിനെ സിബിഐ അറസ്റ്റ് ചെയ്തത്. കള്ളപ്പണം വെളുപ്പിച്ച കേസിൽ വിചാരണക്കോടതി ജാമ്യം അനുവദിച്ചതോടെയാണ് സിബിഐ രംഗത്ത് വന്നതെന്ന് അഭിഷേക് മനു സിംഗ്വി കോടതിയിൽ പറഞ്ഞു.

# ശ്രീലങ്കൻ മുൻ ക്രിക്കറ്റ് താരം ധമ്മിക നിരോഷണ വെടിയേറ്റ് മരിച്ചു

കൊളംബോ: ശ്രീലങ്കൻ മുൻ അണ്ടർ 19 ക്രിക്കറ്റ് ടീം ക്യാപ്റ്റൻ ധമ്മിക നിരോഷണ വെടിയേറ്റ് മരിച്ചു. ഗോൾ ജില്ലയിലെ അംബാലങ്ങോടയിലെ വസതിയിൽ ഭാര്യയും രണ്ട് കുട്ടികളും നോക്കിനിൽക്കുന്പോഴായിരുന്നു അജ്ഞാതന്റെ ആക്രമണം ഉണ്ടായത്.2000ൽ ശ്രീലങ്കൻ അണ്ടർ 19 ടീമിൽ അരങ്ങേറിയ അദ്ദേഹം രണ്ടു വർഷത്തോളം ടെസ്റ്റ്, ഏകദിന മത്സരങ്ങൾ കളിച്ചു.10 മത്സരങ്ങളിൽ ടീമിന്റെ ക്യാപ്റ്റനായിരുന്നു. ശ്രീലങ്കൻ താരങ്ങളായ ഫർവീസ് മഹ്റൂഫ്, എയ്ഞ്ചലോ മാത്യൂസ്, ഉപുൽ തരംഗ തുടങ്ങിയവർ അണ്ടർ19 ടീമിൽ നിരോഷനയ്ക്കു കീഴിൽ കളിച്ചവരാണ്.ശ്രീലങ്കയിലെ മികച്ച പേസ് ബൗളിംഗ് ഓൾറൗണ്ടർമാരിൽ ഒരാളായായിരുന്നു നിരോഷണ 20ാം വയസിൽ ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ചിരുന്നു.

# ഇടുക്കിയിൽ ജലനിരപ്പ് 2345.06 അടിയായി

തൊടുപുഴ: ഇടുക്കി അണക്കെട്ടിൽ ജലനിരപ്പുയരുന്നു. ഒരുദിവസത്തിനിടെ മൂന്നുശതമാനം വെള്ളം ഉയർന്നു. ഇന്നലെ രാവിലെ ഏഴിന് ജലനിരപ്പ് 2345.06 അടിയാണ്.സംഭരണ ശേഷിയുടെ 42 ശതമാനമാണിത്. തിങ്കളാഴ്ച രാവിലെ 39 ശതമാനമായിരുന്നു ജലനിരപ്പ്. പദ്ധതി പ്രദേശത്ത് ഇന്നലെ 171.8 മില്ലിമീറ്റർ മഴ രേഖപ്പെടുത്തി. ഇത്തവണ കാലവർഷം ആരംഭിച്ചശേഷം ലഭിക്കുന്ന ഏറ്റവും ശക്തമായ മഴയാണിത്.

ഇന്നലെയും ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴ രേഖപ്പെടുത്തി. ഇത് അണക്കെട്ടിലേക്കുള്ള നീരൊഴുക്ക് ശക്തമാകാൻ കാരണമായിട്ടുണ്ട്. ജലനിരപ്പുയർന്നതിനെ തുടർന്നു ജില്ലയിൽ കല്ലാർകുട്ടി, മലങ്കര, ലോവർപെരിയാർ, കല്ലാർ എന്നീ അണക്കെട്ടുകൾ തുറന്നു. കല്ലാർകുട്ടി അണക്കെട്ടിന്റെ നാല് ഷട്ടറുകളും മലങ്കര അണക്കെട്ടിന്റെ ആറു ഷട്ടറുകളുമാണ് തുറന്നത്.മലങ്കരയിൽ അഞ്ചുഷട്ടറുകൾ 50 സെൻറിമീറ്റർ വീതവും ഒരു ഷട്ടർ 10 സെൻറിമീറ്ററുമാണ് ഉയർത്തിയിട്ടുള്ളത്. ഇതോടെ തൊടുപുഴ, മൂവാറ്റുപുഴയാറുകളിൽ ജലനിരപ്പുയരാനുള്ള സാധ്യതയുള്ളതിനാൽ തീരത്തുള്ളവർ ജാഗ്രത പാലിക്കണമെന്ന് അധികൃതർ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

# കടം വാങ്ങിയ പണത്തിനു പകരം പെൺകുട്ടിയെ 35,000 രൂപയ്ക്കു വിറ്റു

ബംഗുളൂരു: കടം വാങ്ങിയ പണത്തിനു പകരമായി വിറ്റ ബാലികയെ കണ്ടെത്തി പോലീസ്. കർണാടകയിലെ തുംകൂരുവിലാണ് സമൂഹമനഃസാക്ഷിയെ ഞെട്ടിക്കുന്ന സംഭവമുണ്ടായത്. വെറും 35,000 രൂപയ്ക്കു വേണ്ടിയാണു ബാലികയെ അമ്മയുടെ സഹോദരി വിറ്റത്.കുട്ടിയുടെ അമ്മ തന്റെ സഹോദരിയിൽനിന്നു പണം കടം വാങ്ങിയിരുന്നു. ഇതു മടക്കിക്കൊടുക്കാൻ കഴിയാതെവന്നപ്പോൾ കുട്ടിയെ സഹോദരി കൊണ്ടുപോകുകയായിരുന്നു. സാന്പത്തികപ്രശ്നങ്ങൾ മനസിലാക്കിയാണു കുട്ടിയെ വീട്ടിലേക്കു കൊണ്ടുപോകുന്നതെന്നും അവിടെ നിർത്തി പഠിപ്പിക്കാമെന്നും സംരക്ഷിക്കാമെന്നും യുവതി കുട്ടിയുടെ അമ്മയോടു പറഞ്ഞിരുന്നു.

എന്നാൽ, ബാലികയെ ഹിന്ദുപുരയിൽ കോഴിഫാം നടത്തുന്ന ശ്രീരാമുലു എന്നയാൾക്കു വിൽക്കുകയായിരുന്നു. കുട്ടിയെ സ്കൂളിൽ ചേർത്തെന്ന് അമ്മയെ അറിയിച്ചിരുന്നു. എന്നാൽ, ഒരുവർഷമായിട്ടും മകളെ തിരിച്ചെത്തിക്കാത്തതിനാൽ യുവതി സഹോദരി താമസിക്കുന്ന ഹിന്ദുപുരത്തെത്തിയപ്പോഴാണ് മകളെ വിറ്റതായി അറിഞ്ഞത്.

തുടർന്ന്, യുവതി ശ്രീരാമുലുവിനെ ഫോണിൽ വിളിച്ച് മകളെ വിട്ടുതരാൻ ആവശ്യപ്പെട്ടപ്പോൾ സഹോദരിയും ഭർത്താവും വാങ്ങിച്ച 35,000 രൂപ തിരികെ നൽകണമെന്ന് ആവശ്യപ്പെട്ടു. തുടർന്നു കുട്ടിയുടെ അമ്മ പോലീസിനെ സമീപിക്കുകയായിരുന്നു.

# ഒഴിവുള്ള സീറ്റുകളിലേക്ക് അഡ്മിഷൻ

വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്ക് കോളേജിന് കീഴിൽ പ്രവർത്തിക്കുന്ന വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിൽ ഒരു വർഷം ദൈർഘ്യമുള്ള കെ.ജി.റ്റി.ഇ പ്രിന്റിങ് ടെക്നോളജി (പാർട്ട് ടൈം) പോസ്റ്റ് പ്രസ്സ് ഓപ്പറേഷൻ ആൻഡ് ഫിനിഷിംഗ് കോഴ്സിലേക്ക് ജനറൽ മെരിറ്റ് വിഭാഗത്തിൽ ഒഴിവുള്ള സീറ്റുകളിലേക്കുള്ള അഡ്മിഷൻ 2024 ആഗസ്റ്റ് 19ന് നടത്തുന്നതാണ്. ഇതിലേക്കായി ജനറൽ മെരിറ്റ് വിഭാഗം റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷകർ ആവശ്യമായ സർട്ടിഫിക്കറ്റുകൾ സഹിതം രാവിലെ 9.30ന് സെൻട്രൽ പോളിടെക്നിക്ക് കോളേജിൽ ഹാജരാകണം. വിശദ വിവരങ്ങൾക്ക് : www.cpt.ac.in.

# കെപിസിസി എക്സിക്യൂട്ടീവ് ക്യാമ്പ് സമാപിച്ചു; തദ്ദേശസ്ഥാപനങ്ങൾ പിടിക്കാൻ കർമ്മപദ്ധതി

കൽപ്പറ്റ: രണ്ട് ദിവസമായി വയനാട് സുൽത്താൻബത്തേരിയിൽ ചേർന്ന കെപിസിസി എക്സിക്യൂട്ടീവ് ക്യാമ്പ് സമാപിച്ചു. തദ്ദേശ തെരഞ്ഞെടുപ്പിൽ പാർട്ടി മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ കർമ്മപദ്ധതിക്ക് യോഗത്തിൽ രൂപം നൽകി.

ആറ് കോർപ്പറേഷനുകളിലെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ മുതിർന്ന നേതാക്കൻമാർ ഏകോപിപ്പിക്കും. കണ്ണൂർ കോർപ്പറേഷന്റെ ചുമതല കെ.സുധാകരനും, കൊച്ചി വി.ഡി.സതീശൻ, കോഴിക്കോട് രമേശ് ചെന്നിത്തല, തൃശൂർ റോജി എം. ജോൺ, കൊല്ലം വി.എസ്.ശിവകുമാർ, തിരുവനന്തപുരം പി.സി.വിഷ്ണുനാഥ് എന്നിവർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും.

ഇതിന് പുറമെ മൂന്ന് മേഖലകളായി വിഭജിച്ച് കെപിസിസി വർക്കിംഗ് പ്രസിഡൻറുമാർക്കും ചുമതല നൽകി. തിരുവനന്തപുരം മേഖലയുടെ ചുമതല കൊടിക്കുന്നിൽ സുരേഷ് എംപിക്കും, എറണാകുളം മേഖലയുടേത് ടി.എൻ.പ്രതാപനും കോഴിക്കോട് മേഖലയുടേത് ടി. സിദ്ധിഖ് എംഎൽ എയ്ക്കും നൽകി. ജില്ലകളുടെ സംഘടനാ ചുമതലവഹിക്കുന്ന ജനറൽ സെക്രട്ടറിമാറിക്ക് പുറമെ ജില്ലാതല മേൽനോട്ട ചുമതല ജനപ്രതിനിധികൾ ഉൾപ്പെടെയുള്ള മുതിർന്ന നേതാക്കൾക്ക് നൽകി. ഇവർ ജില്ലകളുടെ ചുമതലവഹിക്കുന്ന കെപിസിസി ജനറൽ സെക്രട്ടറിമാരുമായി ചേർന്ന് പ്രവർത്തിക്കും.

# വൈകി ലഭിക്കുന്നതും, അപൂർണ്ണവും ആയ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കില്ല

പി.ജി. ദന്തൽ (എം.ഡി.എസ്) കോഴ്സിലേക്കുള്ള പ്രവേശനം:ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ.കേരളത്തിലെ ഗവൺമെന്റ് ദന്തൽ കോളേജുകളിലേയും സ്വകാര്യ സ്വാശ്രയ ദന്തൽ കോളേജുകളിലെയും 2024 ലെ പി.ജി. ദന്തൽ കോഴ്സിലേക്കുള്ള ഒന്നാം ഘട്ട അലോട്ട്മെന്റിനായി ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം www.cee.kerala.gov.in ൽ ലഭ്യമാക്കിയിട്ടുണ്ട്. 2024 ലെ പി.ജി. ദന്തൽ കോഴ്സിലേക്ക് അപേക്ഷ സമർപ്പിച്ചവരും പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവരും നിർബന്ധമായും ജൂലൈ 19ന് വൈകിട്ട് 5 മണിക്കു മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ഓപ്ഷൻ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. ഫോൺ : 0471 2525300

# പ്രൊഫൈൽ പരിശോധിക്കുന്നതിനുള്ള അവസാന തീയതി ദീർഘിപ്പിച്ചു

കേരളത്തിലെ വിവിധ സർക്കാർ ദന്തൽ കോളേജുകളിലും സ്വാശ്രയ ദന്തൽ കോളേജുകളിലും ലഭ്യമായ സീറ്റുകളിൽ 2024 25 അധ്യയന വർഷത്തെ പി.ജി.ദന്തൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ ംംം.രലല.സലൃമഹമ.ഴീ.ശി എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിച്ച വിദ്യാർഥികൾക്ക് അവരുടെ പ്രൊഫൈൽ പരിശോധിക്കുന്നതിനും അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം അവ പരിഹരിക്കുന്നതിനുമുള്ള അവസാന തീയതി ജൂലൈ 18 ഉച്ചയ്ക്ക് 3 വരെ ദീർഘിപ്പിച്ചു. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ : 0471 2525300.

# പോളിടെക്നിക് ഡിപ്ലോമ ലാറ്ററൽ എൻട്രി പ്രവേശനം: സ്പോട്ട് അഡ്മിഷൻ

202425 അധ്യയന വർഷത്തിലെ സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ/ എയ്ഡഡ്/ ഐഎച്ച്ആർഡി/ കേപ്പ് സ്വാശ്രയ പോളിടെക്നിക് കോളേജുകളിലെ പോളിടെക്നിക് ഡിപ്ലോമ രണ്ടാം വർഷത്തിലേയ്ക്ക് നേരിട്ടുള്ള ലാറ്ററൽ എൻട്രി പ്രവേശനത്തിന്റെ സ്പോട്ട് അഡ്മിഷൻ ജൂലൈ 19 മുതൽ 20 വരെ അതാതു സ്ഥാപനങ്ങളിൽ നടത്തും. അപേക്ഷകർ www.polyadmission.org/let ൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഷെഡ്യൂളിൽ പ്രതിപാദിച്ചിരിക്കുന്ന സമയക്രമമനുസരിച്ച് സ്ഥാപനത്തിൽ നേരിട്ട് ഹാജരാകണം. സ്പോട്ട് അഡ്മിഷനിൽ അപേക്ഷകന് ഏത് സ്ഥാപനത്തിലേയും ഏത് ബ്രാഞ്ചുകളിലേയ്ക്കും പുതിയ ഓപ്ഷനുകൾ നൽകാം. നിലവിൽ ഇതു വരെ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവർക്കും ഓൺലൈനായോ നേരിട്ട് സ്ഥാപനത്തിൽ ഹാജരായോ അപേക്ഷ സമർപ്പിക്കാം. നിലവിൽ ലഭ്യമായ ഒഴിവുകൾ www.polyadmission.org/let ലെ വേക്കൻസി പൊസിഷൻ എന്ന ലിങ്ക് വഴി മനസ്സിലാക്കാം. നിലവിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ അത് പരിശോധിച്ച് ഒഴിവുകൾ ലഭ്യമായ പോളിടെക്നിക് കോളേജിൽ ഹാജരാകണം.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കർക്കിടക വാവുബലിക്ക് ദേവസ്വം ബോർഡ് കൂടുതൽ സൗകര്യം ഒരുക്കും: മന്ത്രി വി.എൻ വാസവൻ

ഈ വർഷത്തെ കർക്കിടക വാവ് ബലിതർപ്പണത്തിന് ദേവസ്വം ബോർഡ് കൂടുതൽ വിപുലമായക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി ദേവസ്വം വകുപ്പ് മന്ത്രി വി.എൻ വാസവൻ തിരുവനന്തപുരത്ത് പത്രസമ്മേളനത്തിൽ അറിയിച്ചു. ദേവസ്വം ബോർഡിന് കീഴിലുള്ള ബലിതർപ്പണ ചടങ്ങുകൾ നടക്കുന്ന എല്ലാ പ്രധാനകേന്ദ്രങ്ങളിലും സൗകര്യങ്ങൾ ഒരുക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ഇതിനായി അവലോകന യോഗങ്ങൾ വിളിച്ചു.



*കർക്കടക വാവുബലി മുന്നൊരുക്ക അവലോകന യോഗം*

തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ കർക്കിടക വാവുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ്, മെമ്പർമാർ, ഉന്നത ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിയുള്ള ആദ്യ ഘട്ട യോഗം ജൂലൈ ഒന്നിന് മന്ത്രിയുടെ ചേംബറിൽ ചേർന്നു. രണ്ടാമത്തെ യോഗം തിരുവല്ലം ശ്രീ പരശുരാമസ്വാമി ക്ഷേത്രം ആഡിറ്റോറിയത്തിൽ നടത്തി. പ്രധാന ആറുകേന്ദ്രങ്ങളിലെയും ഉദ്യോഗസ്ഥർ പങ്കെടുത്ത വിപുലമായ യോഗമാണ് തിരുവല്ലത്ത് നടന്നത്. തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ സ്പർജൻകുമാർ ഐ.പി.എസ്, തിരുവനന്തപുരം ജില്ലാ ഭരണകൂടത്തിന് വേണ്ടി എ.ഡി.എം, കൊല്ലം ജില്ലാ കളക്ടർ ദേവീദാസ് ഐ.എ.എസ്, എറണാകുളം ജില്ലാ ഭരണകൂടത്തിന് വേണ്ടി ഡെപ്യൂട്ടി കളക്ടർ എന്നിവരും വിവിധ വകുപ്പ്തല ഉദ്യോഗസ്ഥരും ആ യോഗത്തിൽ പങ്കെടുത്തു.

തിരുവിതാംകൂർ ദേവസ്വം ബോർസിന്റെ 20 ഗ്രൂപ്പുകളിൽ 15 ഗ്രൂപ്പുകളിലും ബലിതർപ്പണ കേന്ദ്രങ്ങളുണ്ട്. അതിൽ പ്രധാനമായിട്ടുള്ളത് 40 കേന്ദ്രങ്ങളാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള തിരുവല്ലം, ശംഖുമുഖം, അരുവിക്കര, വർക്കല, തിരുമുല്ലവാരം, ആലുവ എന്നീ ആറ് പ്രധാന കേന്ദ്രങ്ങളിലാണ് ബലിതർപ്പണം നടക്കുന്നത്. ഈ പ്രധാന കേന്ദ്രങ്ങളുൾപ്പെടെയുള്ള എല്ലാ കേന്ദ്രങ്ങളിലും ഭക്തർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതും പുരോഹിതന്മാരെ നിയോഗിക്കുന്നതും തിരുവിതാംകൂർ ദേവസ്വം ബോർഡാണെന്നും ഇതിനാവശ്യമായ എല്ലാ മുന്നൊരുക്കങ്ങളും തിരുവിതാംകൂർ ദേവസ്വം ബോർഡ് എടുത്തുകഴിഞ്ഞു.

ശംഖുമുഖത്ത് ബലിതർപ്പണം നടത്തുന്നതിനുള്ള അനുമതി ലഭിക്കുന്നതിനുള്ള അപേക്ഷ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. ബലിതർപ്പണത്തിനായി 70 രൂപയും തിലഹോമത്തിന് 50 രൂപയുമാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് നിശ്ചിയിച്ചിരിക്കുന്ന ഫീസ്. ബലിതർപ്പണം നടക്കുന്ന ക്ഷേത്രങ്ങളിൽ ഭക്തജനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കുക, താത്കാലിക പന്തൽ നിർമ്മിക്കുക, ബാരിക്കേഡുകൾ സ്ഥാപിക്കുക, ക്ഷേത്രവും പരിസരവും ശുചിയാക്കുക, തർപ്പണത്തിനാവശ്യമായ പുരോഹിതന്മാരെ നിയോഗിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭാഗത്ത് നിന്നും ചെയ്യുന്നത്. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ബോർഡ് തലത്തിൽ ഒരോ സ്ഥലത്തും സ്പെഷ്യൽ ഓഫീസർമാരെ നിയമിക്കുന്നതാണ്.

മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി എല്ലാ പ്രധാനകേന്ദ്രങ്ങളിലും സർക്കാർ വകുപ്പുകളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ യോഗങ്ങൾ ചേരുന്നതിനും തീരുമാനിച്ചു.കർക്കിടകവാവുമായി ബന്ധപ്പെട്ട് ശംഖുമുഖത്ത് കൂടുതൽ ലൈഫ് ഗാർഡിനെ നിയോഗിക്കുവാനും തീരുമാനം എടുത്തതായും തിരുവനന്തപുരം നഗരസഭ പരിധിയിൽ ബലിതർപ്പണം നടക്കുന്ന സ്ഥലങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ സ്വീകരിക്കുമെന്ന് നഗരസഭ തിരുവല്ലത്ത് നടന്ന യോഗത്തിൽ തിരുവനന്തപുരം നഗരസഭ മേയർ ആര്യ രാജേന്ദ്രൻ അറിയിച്ചു. നഗരസഭ പരിധിയിൽ ബലിതർപ്പണം നടക്കുന്ന സ്ഥലങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

മറ്റിടങ്ങളിൽ ബലിതർപ്പണം നടത്തുന്നതിനാവശ്യമായ അനുമതികൾക്കായി ബന്ധപ്പെട്ട ഓഫീസുകളിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് കാലേകൂട്ടി അപേക്ഷകൾ സമർപ്പിക്കുന്നതും മുന്നൊരുക്കങ്ങൾ സ്വീകരിക്കുന്നതുമാണ്. അപകട സാധ്യതയുള്ള കടവുകളിലെല്ലാം ഫയർ ഫോഴ്സിന്റെയും സ്കൂബാ ടീമിന്റെയും സേവനം ഉറപ്പ് വരുത്തുന്നതാണ്.

തിരുവല്ലം, വർക്കല, തിരുമുല്ലവാരം, ആലുവ, അരുവിക്കര, ശംഖുമുഖം എന്നീ ആറ് പ്രധാന കേന്ദ്രങ്ങളിലെ മുന്നൊരുക്കങ്ങൾ അവലോകനം ചെയ്യുന്നതിനായി കളക്ടർമാരുടെ നേതൃത്വത്തിൽ അവിടങ്ങളിലെ ജനപ്രതിനിധികൾ, തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ അധ്യക്ഷൻമാർ, ജില്ലാ കളക്ടർമാർ, ബന്ധപ്പെട്ട വിവിധ സർക്കാർ വകുപ്പുകളിലെ ഉയർന്ന ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിയിട്ടുള്ള അവലോകന യോഗങ്ങളും ചേർന്നിട്ടുണ്ട്.

ബലിതർപ്പണ ചടങ്ങുകൾ നടത്തുന്ന ക്ഷേത്രത്തിനകത്തും മണ്ഡപങ്ങളിലും കടവിലും ആവശ്യാനുസരണം പുരോഹിതരെയും സഹപുരോഹിതരെയും ബോർഡ് നിയമിക്കും. ബലിക്ക് ആവശ്യമായ സാധനങ്ങൾ അതാത് ദേവസ്വങ്ങളിൽ ലഭ്യമാക്കുന്നതിനും വിതരണം നടത്തുന്നതിനും ക്ലീനിംഗിനും മറ്റുമായി ജീവനക്കാരെ നിയോഗിക്കുവാനും നിർദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

## കിക്മ എം.ബി.എ അഭിമുഖം

സഹകരണ വകുപ്പിന് കീഴിലുള്ള സംസ്ഥാന സഹകരണ യൂണിയന്റെ തിരുവനന്തപുരത്തെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോഓപ്പറേറ്റീവ് മാനേജ്മെന്റിൽ (കിക്മ) എം.ബി.എ. (ഫുൾടൈം) 2024 26 ബാച്ചിലേയ്ക്ക് എം.ബി.എ അഡ്മിഷൻ ഇന്റർവ്യൂ ജൂലൈ 22ന് (തിങ്കൾ) രാവിലെ 10 മുതൽ നെയ്യാർഡാമിലെ കിക്മ കോളേജ് കാമ്പസിൽ നടത്തുന്നു.

കേരള സർവകലാശാലയുടെയും, എ.ഐ.സി.റ്റി.യുടെയും അംഗീകാരത്തോടെ നടത്തുന്ന ദ്വിവൽസര കോഴ്സിൽ ഫിനാൻസ്, മാർക്കറ്റിംഗ്, ഹ്യൂമൻ റിസോഴ്സ്, ലോജിസ്റ്റിക്സ് എന്നിവയിൽ ഡ്യൂവൽ സ്പെഷ്യലൈസേഷന് അവസരമുണ്ട്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ആശ്രിതർക്കും, ഫിഷറീസ് സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർഥികൾക്കും പ്രത്യേക സീറ്റ് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. ഒ.ഇ.സി./ എസ്.സി./ എസ്.റ്റി വിദ്യാർഥികൾക്ക് സർക്കാർ യൂണിവേഴ്സിറ്റി നിബന്ധനകൾക്ക് വിധേയമായി ഫീസ് ആനുകൂല്യവും ലഭ്യമാണ്. അൻപത് ശതമാനം മാർക്കിൽ കുറയാത്ത അംഗീകൃത സർവകലാശാല ബിരുദമാണ് അടിസ്ഥാന യോഗ്യത. കൂടുതൽ വിവരങ്ങൾ 8547618290/ 9188001600 എന്നീ നമ്പരുകളിലും, www.kicma.ac.in എന്ന വെബ് സൈറ്റിലും ലഭ്യമാണ്.

## എംപ്ലോയബിലിറ്റി സെന്റർ രജിസ്ട്രേഷൻ ക്യാമ്പ്

തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഭാഗമായ എംപ്ലോയബിലിറ്റി സെന്റർ രജിസ്ട്രേഷൻ ക്യാമ്പ് ജൂലൈ 19 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് കാട്ടാക്കട ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ വച്ച് നടക്കുന്നു. മിനിമം പ്ലസ് ടു യോഗ്യതയുള്ളവരും ഐ.ടി.ഐ, ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം, പാരാമെഡിക്കൽ, മറ്റ് പ്രോഫഷണൽ യോഗ്യതയുള്ളവരും, 35 വയസിൽ താഴെ പ്രായമുള്ളതുമായ കാട്ടാക്കട താലൂക്കിലെയും സമീപ പ്രദേശങ്ങളിലേയും ഉദ്യോഗാർഥികൾക്കാണ് സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നതിനായി അവസരം. ഒറ്റത്തവണയായി 250 രൂപ ഒടുക്കി രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് തിരുവനന്തപുരവും മറ്റു ജില്ല എംപ്ലോയബിലിറ്റി സെന്ററുകളും മുഖേന സ്വകാര്യ സ്ഥാപനങ്ങളിലേക്ക് ആഴ്ച തോറും നടത്തുന്ന അഭിമുഖങ്ങൾ / ജോബ്ഫെയർ എന്നിവയിൽ പങ്കെടുക്കാം. ആയതിനുള്ള സോഫ്റ്റ് സ്കിൽ, കമ്പ്യൂട്ടർ പരിശീലനവും ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയബിലിറ്റി സെന്ററിൽ ലഭ്യമാക്കും. ഫോൺ നമ്പർ : 8921916220.

# പമ്പ സന്നിധാനം റോപ്പ് വേയ്ക്ക് ഉടൻ അനുമതി: മന്ത്രി വി.എൻ. വാസവൻ

ശബരിമല: പമ്പയിൽ നിന്നും സന്നിധാനത്തേക്ക് 2.7 കിലോമീറ്റർ വരുന്ന റോപ്പ് വേ സംവിധാനത്തിന് താമസിയാതെ അനുമതി ലഭിക്കുമെന്ന് മന്ത്രി വി.എൻ. വാസവൻ. ഇതു സംബന്ധിച്ച നിയമ നടപടികളെല്ലാം പൂർത്തിയായി. അന്തിമാനുമതി ഉടൻ ഉണ്ടാകുമെന്നും മന്ത്രി പറഞ്ഞു. പന്പയിൽ തീർഥാടനകാല മുന്നൊരുക്കങ്ങളുടെ അവലോകന യോഗത്തിനുശേഷം മാധ്യമ പ്രവർത്തകരോടു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഒരു കുറ്റവും കുറവും ഇല്ലാതെ, പരാതിരഹിതമായ തീർഥാടന കാലമാണ് സർക്കാരും ദേവസ്വം ബോർഡും ലക്ഷ്യമിടുന്നത്. ഇതിനു വേണ്ട എല്ലാ ഒരുക്കങ്ങളും നടത്തും. അതുകൊണ്ടാണ് വളരെ മുൻകൂട്ടിത്തന്നെ അവലോകന യോഗങ്ങൾ തുടങ്ങിയത്. ഒരാഴ്ചയ്ക്കുള്ളിൽ തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ എല്ലാ വകുപ്പ് മേധാവികളുടെയും യോഗം ചേരും. തുടർന്ന് ജനപ്രതിനിധികളുടെയും വകുപ്പ് സെക്രട്ടറിമാരുടെ യോഗവും നടക്കും. വാഹന പാർക്കിംഗിനു നിലയ്ക്കലിൽ കൂടുതൽ സൗകര്യം ഒരുക്കും. നിലവിൽ 8000 വാഹനങ്ങൾക്ക് ഇവിടെ പാർക്ക് ചെയ്യാം. രണ്ടായിരം വാഹനങ്ങൾ കൂടി പാർക്ക് ചെയ്യുന്നതിന് ഉടൻ സംവിധാനം ഒരുക്കും.

പമ്പയിലും സന്നിധാനത്തും ചില ഘട്ടത്തിൽ ഉണ്ടാകുന്ന തീർഥാടകരുടെ അധിക തിരക്ക് ലഘൂകരിക്കാനും ചില നിർദേശങ്ങൾ ലഭിച്ചിട്ടുണ്ട്. ഇവ ഉന്നതതലത്തിൽ കൂടിയാലോചന നടത്തി വേണ്ട നടപടി കൈക്കൊള്ളും. വെർച്വൽ ക്യൂ ബുക്കിംഗുമായി ബന്ധപ്പെട്ട തീർഥാടകരുടെ സുഗമമായ ദർശനത്തിന് കൂടുതൽ ക്രമീകരണം നടത്താൻ ചില നിർദേശം വന്നിട്ടുണ്ട്. ഇവയും പരിശോധിച്ച് നടപടി സ്വീകരിക്കും. തീർഥാടകർക്ക് സുഗമമായ ദർശനത്തിനുവേണ്ട എല്ലാ നടപടിയും കൈക്കൊള്ളുമെന്നും മന്ത്രി പറഞ്ഞു.

ദേവസ്വം ബോർഡ് പ്രസിഡൻറ് പി.എസ്. പ്രശാന്ത്, ബോർഡ് അംഗങ്ങളായ എ.അജികുമാർ, കെ.സുന്ദരേശൻ എന്നിവരും മന്ത്രി വാസവനൊപ്പം ഉണ്ടായിരുന്നു.

ദേവസ്വം മന്ത്രിയായി ചുമതലയേറ്റ ശേഷം ആദ്യമായി തിങ്കളാഴ്ച വൈകുന്നേരം പമ്പയിലെത്തിയ മന്ത്രി ഇന്നലെ രാവിലെ സന്നിധാനത്തെത്തി. തന്ത്രി കണ്ഠര് മഹേഷ് മോഹനര്, മേൽശാന്തി മഹേഷ് നമ്പൂതിരിയെയും മന്ത്രി സന്ദർശിച്ചു.

# ദേശീയ പാത വികസനത്തിന് വീണ്ടും സംസ്ഥാന സർക്കാർ സഹായം,2 ദേശീയപാത നിർമ്മാണത്തിന്റെ ജി എസ് റ്റി വിഹിതവും, റോയൽറ്റിയും ഒഴിവാക്കും

ദേശീയപാതാ വികസനത്തിന് വീണ്ടും സംസ്ഥാനസർക്കാരിന്റെ സഹായം. എറണാകുളം ബൈപാസ് (ചഒ 544), കൊല്ലം ചെങ്കോട്ട (ചഒ 744) എന്നീ പാത നിർമാണത്തിനാണ് സംസ്ഥാന പങ്കാളിത്തത്തിൽ തീരുമാനമായത്. രണ്ടു പാതകളുടെ നിർമ്മാണത്തിനും ജി എസ് റ്റി വിഹിതവും , റോയൽറ്റിയും ഒഴിവാക്കി പൊതുമരാമത്ത് വകുപ്പ് ഉത്തരവ് ഇറക്കി. രണ്ടു പാത നിർമ്മാണങ്ങൾക്കുമായി 741.35 കോടി രൂപയുടെ സാമ്പത്തിക ബാധ്യതയാണ് സംസ്ഥാനത്തിന് ഉണ്ടാവുക.

44.7 കിലോ മീറ്റർ ദൈർഘ്യം വരുന്ന എറണാകുളം ബൈപ്പാസ് ദേശീയപാതാ 544 ലെ തിരക്ക് ഒഴിവാക്കുന്നതിനുള്ള പദ്ധതിയാണ്. എറണാകുളം ബൈപ്പാസിന് വേണ്ടി മാത്രമായി 424 കോടി രൂപ സംസ്ഥാനത്തിന് സാമ്പത്തിക ബാധ്യത ഉണ്ടാക്കും. ചഒ 744 ൽ 61.62 കിലോ മീറ്ററിൽ കൊല്ലം ചെങ്കോട്ട ഗ്രീൻഫീൽഡ് പാത നിർമ്മാണമാണ് നടക്കുന്നത്. ഇതിന് ജി എസ് റ്റി വിഹിതവും, റോയൽറ്റിയും ഒഴിവാക്കുക വഴി 317.35 കോടി രൂപ സംസ്ഥാനം വഹിക്കേണ്ടി വരും. സംസ്ഥാന സർക്കാരിന്റെ ഉത്തരവോടെ രണ്ടു ദേശീയ പാതാ നിർമ്മാണത്തിനുള്ള തുടർപ്രവർത്തനങ്ങൾക്ക് വേഗം കൂടും.

ദേശീയ പാത വികസനം സാധ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമായാണ് പ്രവർത്തിക്കുന്നതെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു. നേരത്തെ ദേശീയപാത 66 ന്റെ വികസനത്തിന് സംസ്ഥാനം 5580 കോടി രൂപ നൽകിയിരുന്നു. ദേശീയപാത അതോറിറ്റിയുമായി ചേർന്ന് ഈ രണ്ട് ദേശീയപാതാ പ്രവൃത്തികളും മുന്നോട്ടു കൊണ്ടു പോകുമെന്ന് മന്ത്രി പറഞ്ഞു.

# പോളിടെക്നിക് റഗുലർ ഡിപ്ലോമ ജില്ലാതല കൗൺസിലിങ്ങ് ജൂലൈ

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, ഐഎച്ച്ആർഡി, കേപ്പ്, എൽബിഎസ് സ്വാശ്രയ പോളിടെക്നിക് കോളേജുകളിലേയ്ക്ക് പ്രവേശനത്തിനുള്ള ജില്ലാതല കൗൺസിലിങ്ങ് ജൂലൈ 22 മുതൽ ജൂലൈ 26 വരെ അതാത് ജില്ലകളിലെ നോഡൽ പോളിടെക്നിക് കോളേജുകളിൽ വച്ച് നടത്തും. അപേക്ഷകർക്ക് ജൂലൈ 17 മുതൽ 21 വരെ അഡ്മിഷൻ വെബ്സൈറ്റിലെ 'Counselling/ Spot Admission Regitsration' എന്ന ലിങ്ക് വഴി ഓൺലൈനായി ആപ്ലിക്കേഷൻ/ മൊബൈൽ/ One Time Regitsration നമ്പരും ജനനതീയതിയും നൽകി റജിസ്ട്രേഷൻ പൂർത്തിയാക്കാം. ഓൺലൈനായി പ്രത്യേകം രജിസ്റ്റർ ചെയ്യാത്തവരെ ജില്ലാതല കൗൺസലിംഗിൽ പങ്കെടുപ്പിക്കില്ല.

അപേക്ഷകന് പരമാവധി മൂന്ന് ജില്ലകളിലേക്ക് മാത്രമേ ഒരേസമയം കൗൺസലിംഗിനായി രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ, ആയതിനാൽ അപേക്ഷകന് സൗകര്യപ്രദമായ ജില്ലകൾ നോക്കി തെരഞ്ഞെടുക്കാൻ ശ്രദ്ധിക്കണം. മൂന്ന് ജില്ലകൾക്കു പുറമേ ഇടുക്കി, വയനാട് എന്നീ ജില്ലകൾ അധികമായി ചേർക്കുന്നതിന് തടസ്സമുണ്ടായിരിക്കില്ല.

നിലവിൽ അഡ്മിഷൻ ലഭിച്ചവരിൽ സ്ഥാപന മാറ്റമോ ബ്രാഞ്ച് മാറ്റമോ ആഗ്രഹിക്കുന്നവർക്കും, പുതിയതായി അഡ്മിഷൻ നേടാൻ ആഗ്രഹിക്കുന്നവർക്കും പങ്കെടുക്കാം. നിലവിൽ പോളിടെക്നിക് കോളേജിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ള അപേക്ഷകനാണെങ്കിൽ അഡ്മിഷൻ സ്ലിപ്പോ, ഫീസ് അടച്ച രസീതോ ഹാജരാക്കിയാൽ മതിയാകും. സ്വാശ്രയ പോളിടെക്നിക് കോളേജുകളിലെ മാനേജ്മെന്റ് ക്വാട്ട സീറ്റുകളിൽ പ്രവേശനം നേടിയ വിദ്യാർഥികൾ സർട്ടിഫിക്കറ്റുകളുടെ പകർപ്പും, അഡ്മിഷൻ സ്ലിപ്പോ ഫീസ് അടച്ചതിന്റെ രസീതോ അഡ്മിഷൻ ലഭിച്ചതിന്റെ രേഖകളോ ഹാജരാക്കണം.

www.polyadmission.org യിൽ പ്രസിദ്ധീകരിക്കുന്ന അഡ്മിഷൻ ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന സമയക്രമത്തിൽ അപേക്ഷകർ അതാതു നോഡൽ പോളിടെക്നിക് കോളേജുകളിൽ ഹാജരാകേണ്ടതാണ്. ദിവസത്തിലോ, സമയക്രമത്തിലോ മാറ്റം അനുവദിക്കില്ല. കൗൺസലിംഗ് സമയത്ത് അപേക്ഷകന് അപ്പോൾ ഒഴിവുള്ള സീറ്റുകളിലേക്ക് കോളേജും ബ്രാഞ്ചും പുതുതായി ചേർത്ത് മുഴുവൻ ഫീസടച്ച് അഡ്മിഷൻ എടുക്കാവുന്നതാണ്. ഫീസടച്ച് അഡ്മിഷൻ എടുക്കാത്ത അപേക്ഷകന്റെ അഡ്മിഷൻ റദ്ദാക്കപ്പെടുന്നതും ലിസ്റ്റിലെ ക്രമമനുസരിച്ച് ഹാജരായിട്ടുള്ള അടുത്ത അപേക്ഷകന് നൽകുന്നതുമായിരിക്കും.

## ശിശു സൗഹൃദ മാധ്യമപ്രവർത്തനം: കേരള മീഡിയ അക്കാദമിയുടെ വട്ടമേശ സമ്മേളനം ജൂലൈ 19ന്

ശിശു സൗഹൃദകേന്ദ്രീകൃത മാധ്യമനയത്തിനായി ഒരു മാർഗ്ഗനിർദ്ദേശരേഖയ്ക്ക് രൂപം നൽകാൻ യൂനിസെഫിന്റെ സഹകരണത്തോടെ കേരള മീഡിയ അക്കാദമി വട്ടമേശ സമ്മേളനം സംഘടിപ്പിക്കുന്നു. ജൂലൈ 19ന് രാവിലെ 11 മുതൽ ഉച്ചയ്ക്ക് ശേഷം 3 വരെ തിരുവനന്തപുരം ഗവ ഗസ്റ്റ് ഹൗസിലാണ് വട്ടമേശ സമ്മേളനം.

ബാലനീതി സംരക്ഷണത്തിന് മാധ്യമങ്ങൾ പിന്തുടരേണ്ട പെരുമാറ്റരീതികളും ജാഗ്രതകളും ഉൾക്കൊള്ളുന്നതാണ് മാർഗരേഖ. ഇത് തയ്യാറാക്കുന്നതിന് മുന്നോടിയായി യൂനിസെഫുമായി സഹകരിച്ച് കേരളത്തിലെ മൂന്ന് മേഖലകളിൽ കേരള മീഡിയ അക്കാദമി മാധ്യമപ്രവർത്തകർക്കായി ശിൽപശാലകൾ സംഘടിപ്പിച്ചിരുന്നു. ഇതിന്റെ പരിസമാപ്തിയായാണ് മന്ത്രിമാരും സർക്കാർ പ്രതിനിധികളും സംസ്ഥാനത്തെ മുതിർന്ന മാധ്യമപ്രവർത്തകരും സാമൂഹ്യനിരീക്ഷകരും പങ്കെടുക്കുന്ന വട്ടമേശ സമ്മേളനം സംഘടിപ്പിക്കുന്നത്.

# സ്റ്റേഷനിൽ ആത്മഹത്യാശ്രമം നടത്തിയ യുവാവ് മോഷ്ടാക്കളെ സഹായിച്ച കേസിൽ അറസ്റ്റിൽ

പത്തനംതിട്ട: അനധികൃതമായി പച്ചമണ്ണ് കടത്തിയതിനു കീഴ്വായ്പൂർ പോലീസ് പിടികൂടിയ ടിപ്പറുകളുടെ ഉടമസ്ഥനായ യുവാവ് മോഷ്ടാക്കളെ സഹായിച്ച കേസിൽ വീയപുരം പോലീസിന്റെ പിടിയിൽ. മല്ലപ്പള്ളി കുന്നന്താനം ഗോപുരത്തിൽ വീട്ടിൽ ജി.എസ്. സേതുവാണ് (29) പിടിയിലായത്.

ജൂൺ 21നു വീയപുരം ഇരതോട് റോഡിൽ നിർത്തിയിട്ട നല് ടിപ്പർ ലോറികളുടെ ബാറ്ററികൾ മോഷ്ടിച്ച കേസിൽ കവിയൂർ കോട്ടൂർ തൈക്കാട്ടിൽ വിശാൽ റാവത്തിനെയും കൂട്ടാളികളായ പ്രായപൂർത്തിയാകാത്ത രണ്ടുപേരെയും പിടികൂടിയിരുന്നു. സംഘത്തിൽപ്പെട്ട വിശാലിനെ വീയപുരം പോലീസ് കസ്റ്റഡിയിൽ വാങ്ങി വിശദമായി ചോദ്യം ചെയ്തപ്പോഴാണ് സേതുവിന്റെ പങ്ക് വ്യക്തമായത്, തുടർന്നാണ് അറസ്റ്റ്.മോഷ്ടിച്ച ബാറ്ററികൾ പായിപ്പാട്ടുള്ള ആക്രിക്കടയിൽ വിറ്റതായും സേതുവിന്റെ കാറിൽ യാത്ര ചെയ്താണ് സ്ഥിരമായി മോഷണം നടത്തുന്നതെന്നും വിശാൽ വീയപുരം പോലീസിന്റെ ചോദ്യം ചെയ്യലിൽ സമ്മതിച്ചിട്ടുണ്ട്. 20,000 രൂപ വിലയുള്ള ബാറ്ററികൾക്ക് 1000 രൂപ വരെയാണ് മോഷ്ടാക്കൾക്ക് ആക്രിക്കടയുടമ നൽകുക, ബാക്കി തുക സേതു കൈപ്പറ്റാറാണ് പതിവ്.

സേതു കീഴ്വായ്പൂര് സ്റ്റേഷനിൽ 2015 മുതൽ റൗഡി ലിസ്റ്റിലുള്ളയാളാണെന്ന് പോലീസ് പറഞ്ഞു. നരഹത്യാശ്രമത്തിന് ഉൾപ്പെടെ നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയാണ്. ഇയാളുടെ ഉടമസ്ഥതയിലുള്ള രണ്ട് ടിപ്പർ ലോറികൾ അനധികൃത പച്ചമണ്ണ് കടത്തിയതിനു 2023 ഓഗസ്റ്റ് മൂന്നിന് കീഴ് വായ്പൂര് എസ്ഐ കെ.സുരേന്ദ്രന്റെ നേതൃത്വത്തിൽ കസ്റ്റഡിയിലെടുത്തിരുന്നു. പിറ്റേന്നുതന്നെ ലോറികൾ തുടർനടപടികൾക്കായി പോലീസ് ജിയോളജി വകുപ്പിന് കൈമാറുകയും ചെയ്തു. ഏഴിനു പോലീസ് സ്റ്റേഷനിലെത്തി സേതു, പോലീസ് ഉദ്യോഗസ്ഥർക്കെതിരേ അസഭ്യവർഷം നടത്തുകയും ആത്മഹത്യാശ്രമം നടത്തി സംഘർഷാവസ്ഥ സൃഷ്ടിക്കുകയും ചെയ്തിരുന്നു.പോലീസ് പിടിച്ച ഇയാളുടെ ലോറിയിലൊന്നിന്റെ ഗ്രില്ലിൽ കെട്ടിത്തൂങ്ങി മരിക്കാനാണ് ശ്രമിച്ചത്. ഇതിന് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. തിരുവല്ല, കറുകച്ചാൽ പോലീസ് സ്റ്റേഷനുകളിൽ സേതുവിനെതിരേ കേസുകളുണ്ട്.

## പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ ഓൺകോളജി നഴ്സിങ്

റീജിയണൽ കാൻസർ സെന്റർ തിരുവനന്തപുരം ഒരു വർഷത്തെ പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ ഓൺകോളജി നഴ്സിംഗ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. 2024 ആഗസ്റ്റ് 3 ന് വൈകിട്ട് 5 മണി വരെ ഓൺലൈനിൽ അപേക്ഷ സ്വീകരിക്കുന്നതാണ്. ആഗസ്റ്റ് 6 ന് വൈകിട്ട് 4 മണിക്ക് മുൻപ് അപേക്ഷയുടെ പ്രിന്റ് ഔട്ട് തപാലിൽ അഡിഷണൽ ഡയറക്ടർ അക്കാഡമിക്കിന് ലഭിക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് ംംം.ൃരരേ.ഴീ.ശി എന്ന ആർസിസിയുടെ വെബ്സൈറ്റ് സന്ദർശിക്കുക.